/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2025 ജനുവരി പുസ്തകം 11 ലക്കം 6




**വയനാട് പുനരധിവാസം ഒറ്റമനസ്സോടെ**

## ഒന്നാമതാണ് മുന്നേറുകയാണ്

**സൗജന്യചികിത്സയിൽ അഭിമാനത്തോടെ കേരളം**



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 ജനുവരി 1 • പുസ്തകം 11 • ലക്കം 6

**എഡിറ്റർ** ടി.വി. സുഭാഷ് ഐ.എ.എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** ശ്രീകാന്ത് എം ഗിരിനാഥ്
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി.എസ്

എഡിറ്റോറിയൽ>>



# പുതുവർഷം പുതിയ പ്രതീക്ഷകൾ

വയനാട് മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ ജീവൻ പൊലിഞ്ഞവരെയോർത്തുള്ള മായാത്ത നൊമ്പരം അവശേഷിപ്പിച്ചാണ് 2024 വിടപറഞ്ഞത്. അവിടെ അതിവേഗം രക്ഷാപ്രവർത്തനങ്ങളും അടിയന്തര ദുരിതാശ്വാസവും സമയബന്ധിതമായി പൂർത്തിയാക്കാൻ സംസ്ഥാനസർക്കാരിനു കഴിഞ്ഞു. ദുരന്തത്തെ അതിജീവിച്ചവരുടെ പുനരധിവാസം സാധ്യമായിടത്തോളം വേഗത്തിൽ, പരമാവധി മികച്ചരീതിയിൽ തന്നെ നടപ്പാക്കുവാനാണ് പുതുവർഷത്തിൽ സർക്കാർ പ്രയത്നിക്കുന്നത്. പുനരധിവാസം വീട് വെച്ചുനൽകൽ മാത്രമല്ലെന്നും എല്ലാ രീതിയിലും ദുരന്തത്തെ അതിജീവിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള ഉപജീവനമാർഗങ്ങൾ കൂടി ഒരുക്കി നൽകലാണെന്നുമുള്ള കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ഈ ദിശയിൽ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

പ്രകൃതിദുരന്തങ്ങൾ ഉൾപ്പെടെയുള്ള വെല്ലുവിളികൾ നേരിടേണ്ടി വന്നെങ്കിലും കേരളത്തിന്റെ വികസനചരിത്രത്തിൽ തിളങ്ങുന്ന അധ്യായങ്ങൾ പിറന്ന വർഷമാണ് കടന്നുപോയത്. നാടിന്റെ സ്വപ്നപദ്ധതികളിൽ ഒന്നായ വിഴിഞ്ഞം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. വ്യവസായസൗഹൃദമല്ലാത്ത നാട് എന്ന ആക്ഷേപങ്ങൾ തിരുത്തിയെഴുതി വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ ആദ്യസ്ഥാനത്തെത്തി. ഭരണനിർവഹണത്തിൽ വേഗവും സുതാര്യതയും ഉറപ്പാക്കുന്നതിന് കെ-സ്മാർട്ടും റവന്യൂ ഇ-സേവനങ്ങളും വ്യാപിപ്പിച്ചു. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന സംസ്ഥാനമായി നമ്മൾ. നിപ പോലുള്ള മാരക പകർച്ചവ്യാധികളെ തുടക്കത്തിലേ പിടിച്ചുനിർത്തി. ക്ഷേമരംഗത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കി. ദരിദ്രരില്ലാത്ത നല്ല നാടാകാനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

കേരളത്തിന്റെ ഈ നേട്ടങ്ങൾക്ക് ആദരമായി ഒട്ടേറെ പുരസ്കാരങ്ങളാണ് തേടിയെത്തിയത്. നീതി ആയോഗിന്റെ സുസ്ഥിരവികസനസൂചികയിലും ദേശീയാരോഗ്യസൂചികയിലും ഒന്നാമതായതും സ്റ്റാർട്ട് അപ്പുകൾക്കുള്ള ബെസ്റ്റ് പെർഫോമർ പുരസ്കാരവും മറ്റും അവയിൽ ചിലത് മാത്രം. ഈ മികവിന്റെ തുടർച്ച ഉറപ്പാക്കി പുതുവർഷത്തിലും മുന്നേറാനൊരുങ്ങുകയാണ് സംസ്ഥാനം.

**ടി.വി.സുഭാഷ് ഐ.എ.എസ്**
**എഡിറ്റർ**



**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications




6 പുനരധിവാസം
ഒറ്റമനസ്സോടെ
കേരളം മുന്നോട്ട്
പിണറായി വിജയൻ




12 10 സുവർണ്ണ നേട്ടങ്ങൾ

17 2024
കരുത്തുറ്റ തുടർച്ചകൾ,
പുതിയ തുടക്കങ്ങൾ

22 പുരസ്കാരത്തിളക്കത്തിൽ കേരളം


ഒന്നാമതാണ്
മുന്നേറുകയാണ്





44 ഐഎഫ്എഫ്കെ
മാനവികതയുടെ
ദൃശ്യോത്സവം
അമയ
ചെറുവളത്ത്





48 അനുസ്മരണം
പിറന്നാൾ മധുരം
എസ് ആർ ലാൽ



# ആരോഗ്യ സുരക്ഷ


26 സൗജന്യചികിത്സയിൽ അഭിമാനത്തോടെ കേരളം
**വീണാ ജോർജ്**

29 വിശിഷ്ട പദവിയോടെ ദേശീയാംഗീകാരം
**ഡോ. സുനിൽകുമാർ ബി. എസ്**

33 കോട്ടയത്തിനിത് കുതിപ്പിന്റെ കഥ
**ഡോ. ടി. കെ ജയകുമാർ**

35 അത്യാധുനിക ചികിത്സ സാധാരണക്കാർക്കും
**ഡോ. ആർ. ഷാഹിർഷാ**

37 പൂരത്തോളം പെരുമ
**ഡോ. എം. രാധിക**

39 തുടരുന്ന ജനസൗഹൃദമാതൃക
**ഡോ. പി. കെ. ജമീല**

42 പുതിയ സൗകര്യങ്ങൾ, സേവനങ്ങൾ





50 കലോത്സവം
കലയുടെ, കൂട്ടായ്മയുടെ പകലിരവുകൾ

പിണറായി വിജയൻ
മുഖ്യമന്ത്രി



> ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ അതിജീവിതർ എത്രയും വേഗം സാധാരണജീവിതത്തിലേക്ക്, സാധ്യമാകുന്നിടത്തോളം മികച്ച രീതിയിൽത്തന്നെ മടങ്ങുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്

# ഒറ്റമനസ്സോടെ കേരളം മുന്നോട്ട്

പോയവർഷം നമ്മെയാകെ വേദനിപ്പിച്ച ദുരന്തമായിരുന്നു വയനാട് മേപ്പാടി ഉരുൾപൊട്ടൽ. രാജ്യം കണ്ട സമാനതകളില്ലാത്ത ദുരന്തമാണ് മേപ്പാടി പഞ്ചായത്തിൽ മുണ്ടക്കൈ, ചൂരൽമല മേഖലയിൽ ഉണ്ടായത്. രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസവും സമയബന്ധിതമായി പൂർത്തിയാക്കിയ ശേഷം സാധ്യമായ ഏറ്റവും വേഗത്തിൽ പുനരധിവാസപ്രവർത്തനങ്ങൾ ആരംഭിക്കാനാണ് സർക്കാർ തുടക്കം മുതൽ ശ്രമിച്ചത്. അതിനായി ലോകമാകെയുള്ള മലയാളികൾ ഒറ്റമനസ്സായി ചേർന്നുനിന്നു. സഹായഹസ്തവുമായി അനേകം പേർ എത്തി. ദുരന്തബാധിതരുടെ പുനരധിവാസത്തിനായി ലഭിച്ച സഹായങ്ങളെയെല്ലാം ഏകോപിപ്പിച്ച്, സമഗ്രവും സുതാര്യവുമായ സംവിധാനം രൂപവൽക്കരിക്കുന്നതിനായാണ് സർക്കാർ ശ്രമിച്ചത്.





വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സ്പോൺസർമാരുടെ യോഗം

വീടുവെച്ചു നൽകുക എന്നതുമാത്രമല്ല പുനരധിവാസം കൊണ്ട്  ഉദ്ദേശിക്കുന്നത്. എല്ലാ രീതിയിലും ദുരന്തത്തെ അതിജീവിച്ച ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള ഉപജീവനമാർഗങ്ങൾ ഉൾപ്പെടെയാണ് പുനരധിവാസം യഥാർഥ്യമാക്കുക. അതിന് സഹായവുമായി മുന്നോട്ടുവരുന്ന എല്ലാവരെയും ചേർത്തുപിടിക്കും. എല്ലാ സഹായങ്ങളും ഏകോപിപ്പിച്ചായിരിക്കും പുനരധിവാസപദ്ധതി പൂർത്തിയാക്കുക.

കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റും കല്പറ്റ വില്ലേജിലെ എൽസ്റ്റോൺ എസ്റ്റേറ്റുമാണ് ടൗൺഷിപ്പിനായി തെരഞ്ഞെടുത്തിരിക്കുന്നത്. 2005 ലെ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമം വഴിയാണ് ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചത്. എൽസ്റ്റോൺ എസ്റ്റേറ്റിൽ 58.50 ഹെക്ടറും നെടുമ്പാല എസ്റ്റേറ്റിൽ 48.96 ഹെക്ടറുമാണ് ഏറ്റെടുക്കുക. എൽസ്റ്റോൺ എസ്റ്റേറ്റിലെ ടൗൺഷിപ്പ് കല്പറ്റ മുനിസിപ്പാലിറ്റിയിലും നെടുമ്പാല എസ്റ്റേറ്റിലെ ടൗൺഷിപ്പ് മേപ്പാടി പഞ്ചായത്തിലുമാണ് വരുന്നത്. അതിനനുസൃതമായി ഭൂമിയുടെ വിലയിൽ വരുന്ന വ്യത്യാസം കണക്കിലെടുത്ത് എൽസ്റ്റോൺ എസ്റ്റേറ്റിൽ ഒരു കുടുംബത്തിനു 5 സെന്റും നെടുമ്പാലയിൽ 10 സെന്റും ആയിരിക്കും നൽകുക.

ടൗൺഷിപ്പുകളിൽ വീടുകൾക്കു പുറമേ വിനോദത്തിനുള്ള സൗകര്യങ്ങൾ, മാർക്കറ്റ്, ആരോഗ്യ കേന്ദ്രം, വിദ്യാലയം, അങ്കണവാടി, കളിസ്ഥലം, വൈദ്യുതി, കുടിവെള്ള, ശുചിത്വ സംവിധാനങ്ങൾ എന്നിവയെല്ലാം സജ്ജമാക്കും. ദുരന്തബാധിത കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് 2025 ജനുവരി 25 നകം പുറത്തിറക്കാൻ കഴിയുംവിധമാണ് പ്രവർത്തനങ്ങൾ നീക്കുന്നത്.

ദുരന്തത്തിനിരയായവർക്ക് ഉപജീവനമാർഗമൊരുക്കുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ മൈക്രോ പ്ലാൻ സർവേ നടത്തുകയുണ്ടായി.





**ടൗൺഷിപ്പിലേക്ക് പുനരധിവസിക്കപ്പെട്ടശേഷവും ദുരന്തബാധിതമേഖലയിലെ ഭൂമിയുടെ ഉടമസ്ഥാവകാശം അവരവർക്ക് തന്നെയായിരിക്കും**

മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിൽ പെടുന്ന 4658 പേർ അടങ്ങുന്ന 1084 കുടുംബ ങ്ങളെ ഉൾപ്പെടുത്തിയാണ് സർവേ നടത്തി മൈക്രോ പ്ലാൻ തയ്യാറാക്കിയത്. ഇതിൽ 79 പേർ മൃഗസംരക്ഷണമേഖലയാണ് തെരഞ്ഞെടുത്തത്. 192 പേർ കാർഷികമേഖലയും 1034 പേർ സൂക്ഷ്മസംരംഭങ്ങളും 585 പേർ മറ്റ് വരുമാനമുണ്ടാക്കുന്ന പ്രവർത്തനങ്ങളും തെരഞ്ഞെടുത്തു.



പ്രത്യേകപരിഗണന നൽകേണ്ടതായിട്ടുള്ള സ്ത്രീകൾ മാത്രമുള്ള 84 കുടുംബങ്ങളേയും വിധവകൾ മാത്രമുള്ള 38 കുടുംബങ്ങളേയും കുട്ടികൾ മാത്രമുള്ള മൂന്ന് കുടുംബങ്ങളേയും വയോജനങ്ങൾ മാത്രമുള്ള നാല് കുടുംബങ്ങളേയും ഒരംഗം മാത്രം അവശേഷിച്ച 87 കുടുംബങ്ങളേയും സർവേ വഴി കണ്ടെത്തി.

ടൗൺഷിപ്പിലേക്ക് പുനരധിവസിക്കപ്പെട്ടശേഷവും ദുരന്തബാധിതമേഖലയിലെ ഭൂമിയുടെ ഉടമസ്ഥാവകാശം അവരവ ർക്ക് തന്നെയായിരിക്കും. ഉരുൾ പൊട്ടിയ ആ ഭൂമി വനപ്രദേശമായി മാറാതിരിക്കാൻ കലക്റ്റീവ് ഫാമിങ് പോലുള്ള ഉൽപാദന പരമായ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള സാധ്യതകൾ പിന്നീട് പരിഗണിക്കും. ആ ഭൂമി അതിന്റെ ഉടമകളിൽ നിന്ന് അന്യം നിന്നുപോകില്ല.

കിഫ്ബിയായിരിക്കും പ്രോജക്റ്റ് മാനേജ് മെന്റ് കൺസൾട്ടൻസി. ഇക്കാര്യത്തിൽ കിഫ്ബി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചു. ഇതിൽ നിയമ, ധനകാര്യവകുപ്പുകളുടെ അഭിപ്രായം തേടിയശേഷം മന്ത്രിസഭ വിശദമായി ചർച്ച ചെയ്തു.

ടൗൺഷിപ്പ് പദ്ധതിയുടെ ഭരണവകുപ്പായി ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്തി. ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ, എഞ്ചിനീയറിംഗ് പ്രൊക്വർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (ഇ.പി.സി) പ്രകാരം അംഗീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ധന, നിയമവകുപ്പുകളുടെ അഭിപ്രായപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറുകാരായി നാമനിർദേശം ചെയ്യാൻ തീരുമാനിച്ചു.

ഭരണാനുമതി നൽകുന്നതിന് മുൻപ് ഡി.എസ്.ആർ 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കും. സാങ്കേതികാനുമതി നൽകുന്നതിന് മുൻപ് വിശദമായ എസ്റ്റിമേറ്റ് ഡി.എസ്.ആർ 2018 പ്രകാരം തയ്യാറാക്കി ധന വകുപ്പിന്റെ അറിവോടെ നൽകും. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയത്.

ത്രിതല സംവിധാനമാണ് പുനരധിവാസ പദ്ധതി നടപ്പാക്കാൻ ഉണ്ടാവുക. മുഖ്യമന്ത്രി അധ്യക്ഷനായ വയനാട് പുനർനിർമ്മാണ സമിതിക്കായിരിക്കും പദ്ധതിയുടെ നേതൃത്വം. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഏകോപന സമിതിയും കലക്ടറുടെ നേതൃത്വത്തിലുള്ള പ്രോജക്റ്റ് ഇംപ്ലിമെൻറേഷൻ യൂണിറ്റുമാണ് ഇതിന്റെ ഭാഗമായി പ്രവർത്തിക്കുക. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രതിപക്ഷനേതാവും പ്രധാന സ്പോൺസർമാരും മന്ത്രിമാരും



ദുരന്തത്തിനുശേഷം മുണ്ടക്കൈ-ചൂരൽമല പ്രദേശങ്ങളിലെ കുട്ടികൾക്കായി മേപ്പാടി ഹൈസ്കൂളിൽ പ്രവേശനോത്സവം നടത്തിയപ്പോൾ

**പുനരധിവാസവുമായി ബന്ധപ്പെട്ട് വീടുകൾ വാഗ്ദാനം ചെയ്ത സ്പോൺസർമാരുടെ യോഗം ചേരുകയുണ്ടായി. 100 ലധികം വീടുകൾ നിർമ്മിച്ച് നൽകാമെന്ന് വാഗ്ദാനംചെയ്ത 38 സ്പോൺസർമാരുടെ യോഗമാണ് ചേർന്നത്**

ഉൾപ്പെടുന്ന ഉപദേശക സമിതി രൂപവൽക്കരിക്കും. പദ്ധതി നടത്തിപ്പിലെ സുതാര്യതയും ഗുണമേന്മയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സമിതി ഉറപ്പുവരുത്തും. സർക്കാർ, പി.എം.സി പ്രതിനിധികളും ഒരു സ്വതന്ത്ര എഞ്ചിനീയർ, സ്വതന്ത്ര ഓഡിറ്റർ എന്നിവരും അടങ്ങിയ ഗുണനിലവാരം ഉറപ്പാക്കൽ സംവിധാനമായിരിക്കും ഈ സമിതി. പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ കരാർ രേഖകളും പരിശോധിച്ച് ശുപാർശ ചെയ്ത് അംഗീകാരത്തിനായി ചീഫ് സെക്രട്ടറിക്കും ഭരണ വകുപ്പിനും നൽകുന്നതിന് ധനകാര്യവകുപ്പിനെ ചുമതലപ്പെടുത്തി.

23.08.2019 ലെ ഉത്തരവ് പ്രകാരം സ്ഥിരമായ പുനരധിവാസത്തിനുള്ള നിലവിലെ നിരക്ക് ഒരു കുടുംബത്തിന് 10 ലക്ഷം രൂപയാണ്. വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ കാര്യത്തിൽ ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്നവർക്ക് പതിനഞ്ച് ലക്ഷം രൂപ നൽകും. ഇതേ തുക തന്നെ വിലങ്ങാട്ടെ പുനരധിവസിപ്പിക്കേണ്ട ദുരന്തബാധിതർക്കും അനുവദിക്കും. ഈ രണ്ട് ഉരുൾപൊട്ടലുകളുമായി ബന്ധപ്പെട്ട് മാത്രമാണ് ഈ തീരുമാനം. പുനരധിവാസം വേണ്ട അഞ്ച് ട്രൈബൽ കുടുംബങ്ങൾ ആണ് ഉള്ളത്. അവരുടെ താൽപര്യപ്രകാരമുള്ള പുനരധിവാസം ഏർപ്പെടുത്തും.

ധനവകുപ്പ് അംഗീകരിച്ച പ്രകാരമുള്ള സ്പോൺസർഷിപ്പ് ഫ്രെയിംവർക്ക് അംഗീകരിക്കും. സ്പോൺസർഷിപ്പ് പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുന്നതിനും അത് വയനാട് പുനരധിവാസ പദ്ധതിക്കു വേണ്ടി ഉപയോഗിക്കുന്നതിനും ഒരു ഡെഡിക്കേറ്റഡ് ബാങ്ക് അക്കൗണ്ട് തുറക്കും. വയനാട് പുനരധിവാസ പദ്ധതിക്കായി സി.എം.ഡി.ആർ.എഫ്, എസ്.ഡി.ആർ.എഫ്, സ്പോൺസർഷിപ്പ്, സി.എസ്.ആർ ഫണ്ട്, പി.ഡി.എൻ.എയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന കേന്ദ്രസഹായം എന്നിവ വയനാട് ടൗൺഷിപ്പ് പ്രോജക്റ്റിനായി വിനിയോഗിക്കും. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് രണ്ട് ഘട്ടമായിട്ടാണെങ്കിലും പുനഃരധിവാസം ഒരുമിച്ച് നടപ്പിലാക്കും.

പുനരധിവാസവുമായി ബന്ധപ്പെട്ട് വീടുകൾ വാഗ്ദാനം ചെയ്ത





ഉരുൾപൊട്ടലിലെ നാശനഷ്ടങ്ങൾ – ഫയൽ ചിത്രം

സ്പോൺസർമാരുടെ യോഗം ചേരുകയുണ്ടായി. 100 ലധികം വീടുകൾ നിർമ്മിച്ച് നൽകാമെന്ന് വാഗ്ദാനംചെയ്ത 38 സ്പോൺസർമാരുടെ യോഗമാണ് ചേർന്നത്. സ്പോൺസർമാർക്ക് പ്രത്യേക വെബ് പോർട്ടൽ നിലവിൽ വരും. ഒരോ സ്പോൺസർമാർക്കും നൽകുന്ന പ്രത്യേക ഐ ഡി നമ്പർ ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ട്രാക്ക് ചെയ്യാൻ കഴിയും. ഓൺലൈൻ പേയ്മെന്റ് സൗകര്യവും നൽകും. സ്പോൺസർഷിപ്പുകൾ മാനേജ് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ യൂണിറ്റും പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു ഓഫീസറെയും നിയോഗിക്കും.

ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ അതിജീവിതർ എത്രയും വേഗം സാധാരണജീവിതത്തിലേക്ക്, സാധ്യമാകുന്നിടത്തോളം മികച്ച രീതിയിൽത്തന്നെ മടങ്ങുന്നുവെന്ന് ഉറപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്. കേരളം മുഴുവൻ, ലോകമെമ്പാടുമുള്ള കേരളീയരും കേരളത്തെ സ്നേഹിക്കുന്ന ലോകമെമ്പാടുമുള്ളവരും ഈ പരിശ്രമത്തിൽ ഒറ്റമനസ്സായി വന്നുചേരുമെന്ന് എനിക്ക് ഉറപ്പുണ്ട്. ■

ഒന്നാമത് എന്നത് ശീലമാക്കിയാണ് നാം മുന്നേറുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, വികേന്ദ്രീകൃത ഭരണനിർവഹണം, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങി ഒട്ടേറെ മേഖലകളിൽ പണ്ടേ നാം രാജ്യത്തിന് മാതൃകയാണ്. അതിദാരിദ്ര്യ നിർമ്മാർജനം, അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക മുന്നേറ്റം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ പുതിയ മാതൃകകൾ സൃഷ്ടിച്ചാണ് നാം കുതിക്കുന്നത്. ഇനിയും മുന്നേറണമെന്ന് നാം ആഗ്രഹിച്ച മേഖലകളിലെല്ലാം നേട്ടം കൊയ്താണ് ഒരു വർഷം കടന്നുപോകുന്നത്. സൗജന്യ ചികിത്സയ്ക്ക്, ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ, സുസ്ഥിര വികസന സൂചികകളിൽ രാജ്യത്ത് ഒന്നാമതെത്തി. നമ്മുടെ ചികിത്സാലയങ്ങൾ സെന്റർ ഓഫ് എക്സലൻസായി. ഏത് പ്രതിസന്ധിയിലും പതറാത്ത കേരളം നേട്ടങ്ങളുടെ, വികസനത്തിന്റെ തുടർച്ചയിലേക്കാണ് പുതുവർഷത്തിൽ മിഴി തുറക്കുന്നത്


# ഒന്നാമതാണ് മുന്നേറുകയാണ്



”ഇത് സർക്കാരും ജനങ്ങളും ഒരുമിച്ചുനിന്ന് യാഥാർഥ്യമാക്കുന്ന സ്വപ്നമാണ് അഭിമാനപൂർവം ഈ നേട്ടം നമുക്ക് ആഘോഷമാക്കാം” - മുഖ്യമന്ത്രി



# 10 സുവർണ്ണ നേട്ടങ്ങൾ



## 1 വിഴിഞ്ഞമെന്ന യാഥാർഥ്യം

കേരളത്തിന്റെ വികസന ചരിത്രത്തിൽ ഉജ്ജ്വല അധ്യായം തുന്നിച്ചേർക്കുകയാണ് വിഴിഞ്ഞം തുറമുഖം. 2023 ഒക്ടോബറിൽ ചൈനയിൽ നിന്നുള്ള ക്രെയിനുകളുമായി ഷെൻ ഹുവ 15 എന്ന ചരക്കു കപ്പൽ തീരത്ത് നങ്കൂരമിട്ടതോടെ വിഴിഞ്ഞം തുറമുഖപദ്ധതി യാഥാർഥ്യമാവുന്നതിന് തുടക്കമായി. ജൂലൈ ഒന്നിന് ട്രയൽ റൺ ആരംഭിച്ച വിഴിഞ്ഞത്ത് ക്രിസ്തുമസ് ദിനം വരെ 102 ചരക്കുകപ്പലുകൾ നങ്കൂരമിട്ടു കഴിഞ്ഞു. ഇതിനകം രണ്ടു ലക്ഷത്തിലധികം കണ്ടെയ്നർ കൈകാര്യം ചെയ്ത തുറമുഖം ഡിസംബർ മൂന്ന് മുതലാണ് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയത്. IN TRV 01 എന്നാണ് തുറമുഖത്തിന്റെ രാജ്യാന്തര ലൊക്കേഷൻ കോഡ്.

ഒന്നാംഘട്ടം പൂർത്തിയാകുന്നതോടെ 2025 തുടക്കത്തിൽ തന്നെ തുറമുഖം കമീഷനിങ് നടക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത് . തുറമുഖത്തിന്റെ രണ്ടുമുതൽ നാലുവരെയുള്ള ഘട്ടങ്ങൾ 2028ൽ പൂർത്തിയാക്കുന്നതോടെ വിഴിഞ്ഞത്ത് സമ്പൂർണ തുറമുഖം യാഥാർഥ്യമാകും. 8,867 കോടിരൂപയാണ് വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനുള്ള ആകെ മുതൽമുടക്ക്. ഇതിൽ 5,595 കോടിരൂപ സംസ്ഥാന സർക്കാരും 818 കോടി രൂപ കേന്ദ്ര സർക്കാരും നൽകുമെന്നായിരുന്നു വ്യവസ്ഥ. കേരളം വിഴിഞ്ഞത്തിനായി 2159 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. എന്നാൽ കേന്ദ്രസർക്കാർ ഇതേവരെ തുറമുഖത്തിന്റെ നിർമ്മാണത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ല. അനേകം പ്രദേശവാസികൾക്ക് ഇതിനകം തൊഴിലവസരങ്ങൾ ഉറപ്പാക്കിയും പ്രതിസന്ധികളെ അതിജീവിച്ചും നമ്മുടെ സർക്കാർ ഈ പുതു വർഷത്തിൽ വിഴിഞ്ഞത്തെ ചരിത്രത്തിലേക്ക് നങ്കൂരമിടീക്കുകയാണ്.

# 2 വ്യവസായസൗഹൃദത്തിൽ ഒന്നാം റാങ്ക്

സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുന്നതും എല്ലാ ജനവിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്ന, സംരംഭകത്വ സമൂഹമായി സംസ്ഥാനത്തെ മാറ്റുമെന്നായിരുന്നു ഏഴരവർഷം മുൻപ് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ വ്യവസായ മേഖലയ്ക്ക് നൽകിയിരുന്ന വാഗ്ദാനം . മുമ്പില്ലാത്ത വിധം ഈ രംഗത്ത് ആത്മവിശ്വാസം സൃഷ്ടിച്ചും പിന്തുണ നൽകിയും നഷ്ടത്തിലായതും കേന്ദ്രം കൈയ്യൊഴിയാൻ  തീരുമാനിച്ചതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്തും ഈ മേഖലയിൽ കേരളം പുതുചരിത്രം സൃഷ്ടിച്ചു കഴിഞ്ഞു .


രാജ്യത്തെ എറ്റവും വികസിതമായ വ്യവസായങ്ങളുടെ ഹബ്ബാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായനയം തന്നെ പുതുക്കിയ രണ്ടാം പിണറായി വിജയൻ സർക്കാർ  2023ൽ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28ൽ നിന്ന് 15 ആം സ്ഥാനത്തേക്ക് വ്യവസായ കേരളത്തെ നയിച്ചു . ഒരു വർഷത്തിനിപ്പുറം കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് സൂചികയിൽ കേരളം ഒന്നാമതാണ്. കേവലം 3 വർഷം കൊണ്ടാണ്



28ൽ നിന്ന് ഒന്നാം സ്ഥാനത്തേക്കുള്ള കേരളത്തിന്റെ മുന്നേറ്റം. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ നമ്മുടെ സർക്കാർ സ്വീകരിച്ച നടപടികളും പരിഷ്കാരങ്ങളും തന്നെയാണ് കേരളത്തെ രാജ്യത്തിനാകെ മാതൃകയാകുന്ന നേട്ടത്തിലേക്ക് നയിച്ചത്.



## 3 കെ സ്മാർട്ടിലൂടെ സ്മാർട്ടായ കേരളം




രണ്ടാം പിണറായി വിജയൻ സർക്കാർ 2024 ജനുവരി ഒന്നുമുതൽ ഇ - ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കിയ പദ്ധതിയാണ് കേരള സൊല്യൂഷൻസ് ഫോർ മാനേജിങ്ങ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻഫർമേഷൻ അഥവാ കെ സ്മാർട്ട്. ആരംഭം കുറിച്ച നാൾ മുതൽ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതിയിലൂടെ നടപടിക്രമങ്ങളുടെ നൂലാമാലകൾ ഒഴിവാക്കി തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങളും സർട്ടിഫിക്കറ്റുകളും സർക്കാർ ഒറ്റ ക്ലിക്കിൽ ലഭ്യമാക്കി. അതുകൊണ്ടുതന്നെ പൊതുജനം ഇരുകൈയ്യും നീട്ടി സ്വീകരിച്ച ഈ പദ്ധതിയിലൂടെ ഇതിനകം തീർപ്പാക്കിയത് 20.37 ലക്ഷം ഫയലുകളാണ്.

27.31 ലക്ഷം ഫയലുകളാണ് കെ സ്മാർട്ടിലൂടെ ഇതിനകം തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്വീകരിച്ചത്. ഇതിൽ 74.6 ശതമാനവും തീർപ്പാക്കിക്കഴിഞ്ഞു . ഓരോ ഓഫീസിലെയും ജില്ലയിലെയും ഫയലുകൾ പരിഹരിച്ചതിന്റെ സ്ഥിതി വിവര കണക്കുകൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഈ പദ്ധതിയിലൂടെ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി അറിയാനും സാധിക്കും . ജനന, മരണ, വിവാഹ രജിസ്ട്രേഷനുകൾ, ബിൽഡിങ് പെർമിറ്റ്, സർട്ടിഫിക്കറ്റുകൾ,

---

## 4 സൗജന്യചികിത്സക്ക് രാജ്യശ്രദ്ധ



രാജ്യത്തെ ഏറ്റവും മികച്ച ആരോഗ്യ പരിപാലന സംവിധാനങ്ങളുള്ള നാടാണ് കേരളം .എല്ലാവർക്കും മികച്ച ചികിത്സയും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്ന നാട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള വിപുലമായ ആരോഗ്യ പരിപാലന ശൃംഖലകളിലൂടെ മുന്നേറുന്ന കേരളം ആരോഗ്യരംഗത്തെ ഏത് വെല്ലുവിളിയും നേരിടാൻ ശക്തിപ്രാപിച്ചു കഴിഞ്ഞു. ചിക്കൻഗുനിയ മുതൽ എച്ച് വൺ എൻ വൺ വരെയുള്ള വിവിധതരം പനികൾ, നിപ, കോവിഡ് തുടങ്ങിയവയ്ക്ക് ശക്തമായ പ്രതിരോധം തീർത്ത സംസ്ഥാനം ആരോഗ്യമേഖലയിൽ സമഗ്രവികസനം സാധ്യമാക്കുക യാണ്. അതിനുള്ള അംഗീകാരമായി രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ഉത്കൃഷ്ടാ പുരസ്കാരം, തിരുവനന്തപുരം മെഡിക്കൽകോളേജിലെ അത്യാഹിത വിഭാഗത്തിന് മികവിന്റെ കേന്ദ്രം അംഗീകാരം എന്നിവ ഉൾപ്പടെ 20 ലധികം അവാർഡുകളാണ് ഒരു വർഷത്തിനുള്ളിൽ ആരോഗ്യകേരളം സ്വന്തമാക്കിയത്.

ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി ചെറുക്കാൻ പദ്ധതികൾ നടപ്പിലാക്കിയും ജില്ലാ ആശുപത്രികളിൽ വരെ സങ്കീർണ്ണമായ ശസ്ത്രക്രിയകൾ നടത്താൻ സൗകര്യം ഏർപ്പെടുത്തിയും ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് കാർസ്നെറ്റ് എ.എം.ആർ ശൃംഖല രൂപീകരിച്ചുമെല്ലാം സുരക്ഷ ഒരുക്കുന്ന കേരളം ആരോഗ്യ രംഗത്ത് ഇപ്പോൾ രാജ്യത്തിനാകെ മാതൃകയാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഒരുങ്ങുന്ന സംസ്ഥാനത്ത് എല്ലാവർക്കും പ്രാപ്യവും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുകയാണ് നമ്മുടെ സർക്കാർ. അത് തന്നെയാണ് ആരോഗ്യരംഗത്തെ കേരളത്തിന്റെ ശക്തിയും മുന്നേറ്റത്തിനുള്ള ഊർജവും.

## 5 സുസ്ഥിര വികസനത്തിൽ എന്നും ഒന്നാമതാണ് കേരളം




സുസ്ഥിരവികസന ലക്ഷ്യങ്ങളിലേക്ക് രാജ്യം മുന്നേറുമ്പോൾ, ആ യാത്രയെ നയിക്കുകയാണ് കേരളം. വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ ദിശാബോധവും ആസൂത്രണവും സമയ ബന്ധിത നിർവഹണവും ഉറപ്പാക്കിയാണ് നമ്മുടെ സംസ്ഥാനത്തിന്റെ മുന്നേറ്റം. അതിനു തെളിവാകുകയാണ് നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലെ

സാക്ഷ്യപത്രങ്ങൾ, ഭൂമിവിവരങ്ങൾ എന്നിവയെല്ലാം മണിക്കൂറുകൾക്കുള്ളിൽ ഓൺലൈനായി അപേക്ഷകന് നൽകുന്ന കെ സ്മാർട്ട് സംവിധാനം പുതു വർഷത്തിൽ നമ്മുടെ സർക്കാർ പഞ്ചായത്തുകളിലേക്കുകൂടി വ്യാപിപ്പിക്കുകയാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കെ സ്മാർട്ടിന്റെ പൈലറ്റ് റൺ ആരംഭിച്ചു കഴിഞ്ഞു. അങ്ങനെ കെ ഫോണിനും കെ ഫൈ പദ്ധതിക്കും പിന്നാലെ കെ സ്മാർട്ട് കൂടി നിലവിൽ വന്നതോടെ കേരളം ഈ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാവുകയാണ്.

കേരളത്തിന്റെ ഒന്നാം സ്ഥാനം. 2018 ൽ സുസ്ഥിരവികസന സൂചികയ്ക്ക് ആരംഭം കുറിച്ചത് മുതൽ രാജ്യത്ത് ഒന്നാം സ്ഥാനത്താണ് കേരളം. 2024 ലും അചഞ്ചലമായി തുടരുന്ന മുന്നേറ്റം. അതാണ് സുസ്ഥിരവികസന സൂചികയിലെ കേരളം.

രണ്ടു വർഷത്തിലൊരിക്കൽ നീതി ആയോഗ് പ്രസിദ്ധീകരിക്കുന്ന സുസ്ഥിരവികസന സൂചികയിൽ കഴിഞ്ഞ 4 തവണയും ഒന്നാമതെത്തിയത് കേരളമാണ്. 2020-21 നേക്കാൾ നാലു പോയിന്റ് ഉയർത്തിയാണ് ഒടുവിൽ കേരളം നേട്ടം ആവർത്തിച്ചത്. പ്രതിസന്ധികൾ പലതുണ്ടെങ്കിലും വികസനവഴിയിൽ കേരളത്തിന്റെ ദിശാബോധവും, അത് ആർജിക്കുന്നതിലെ മികവുമാണ് ഈ വിലയിരുത്തലിലൂടെ അംഗീകരിക്കപ്പെടുന്നത്. നോട്ടു നിരോധനം, നൂറ്റാണ്ടിലെ മഹാപ്രളയം, മഴക്കെടുതികൾ, ഓഖി, നിപ, കോവിഡ് മഹാമാരി, കേന്ദ്രസർക്കാരിന്റെ ആവർത്തിക്കുന്ന സാമ്പത്തിക അവഗണന തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചാണ് നമ്മൾ ഒറ്റക്കെട്ടായി മുന്നേറുന്നത്. അത് കൊണ്ടാണ് നമ്മുടെ കേരളം ഈ നേട്ടത്തിൽ അഭിമാനിക്കുന്നത്.

## 6 ദാരിദ്ര്യമില്ലാത്ത നല്ല നാട്

അതിദാരിദ്ര്യം തുടച്ചുനീക്കാൻ സമഗ്രവും, ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ വിജയകരമായി നടപ്പിലാക്കിവരുന്ന നാടാണ് കേരളം. ആശ്രയ, അഗതി രഹിത കേരളം, വിശപ്പ് രഹിത കേരളം തുടങ്ങി അതിദാരിദ്ര്യം ഇല്ലാതാക്കാൻ നമ്മുടെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് അവസാനഘട്ടത്തിലേക്ക് കടക്കുന്ന അതിദാരിദ്ര്യ നിർമാർജ്ജന യജ്ഞം. അതിന്റെ കൂടി പിൻബലത്തിലാണ് പോയവർഷവും കേരളത്തെ നീതി ആയോഗിന്റെ മൾട്ടി ഡയമെൻഷണൽ ദാരിദ്ര്യ സൂചിക പ്രകാരം രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേന്ദ്ര സർക്കാർ തെരെഞ്ഞെടുത്തത്.

വ്യക്തിപരമായ ദാരിദ്ര്യവും സംസ്ഥാനത്തെ പൊതു സ്ഥിതിയുമടക്കം വിലയിരുത്തി തയ്യാറാക്കുന്ന സൂചികയിൽ 0.55% പേർ മാത്രമാണ് കേരളത്തിൽ ദാരിദ്ര്യമനുഭവിക്കുന്നത്. 2022 ൽ 0.71% മായിരുന്ന കേരളത്തിന്റെ ദാരിദ്ര്യ സൂചിക. എറണാകുളം ജില്ലയാണ് രാജ്യത്തെ തന്നെ ദാരിദ്ര്യമില്ലാത്ത ഏക ജില്ല.



ആരോഗ്യത്തിനൊപ്പം വിദ്യാഭ്യാസവും ജീവിത നിലവാരവും കണക്കാക്കി തയ്യാറാക്കുന്ന ദാരിദ്ര്യ സൂചികയ്ക്കൊപ്പം പാർപ്പിടം, പോഷകാഹാര ലഭ്യത, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതിലഭ്യത എന്നിവയിലെല്ലാം കേരളം മുൻ പന്തിയിലാണ്. ജനങ്ങൾക്കൊപ്പം നിലകൊള്ളുന്നതിനും അവരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനും ഒരു സർക്കാരിന് ലഭിക്കുന്ന അംഗീകാരം കൂടിയാണ് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമെന്ന അംഗീകാരം.

## 7 ഭക്ഷ്യസുരക്ഷയിലും ഒന്നാമതാണ് കേരളം

ഭക്ഷ്യസുരക്ഷയിൽ ചരിത്രനേട്ടത്തിന്റെ നെറുകയിലാണ് കേരളം. രാജ്യത്തെ ഭക്ഷ്യ സുരക്ഷാസൂചികയിൽ 2024 ൽ രണ്ടാം തവണയും ഒന്നാം സ്ഥാനം. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആധാരമാക്കിയ മാനദണ്ഡങ്ങളിലെല്ലാം ഏറ്റവും മുൻപിൽ. ഇപ്പോഴിതാ മികച്ച ഭക്ഷണം ലഭിക്കാൻ ഭൗതികവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യം സൃഷ്ടിക്കുന്നതിലും നമ്മൾ ഒന്നാമതാണെന്ന് ആവർത്തിച്ച് തെളിയിക്കുകയാണ്.



വിവിധ ബോധവത്ക്കരണ പരിപാടികൾ ഉൾപ്പെടെ സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാരംഗത്ത് ഓരോ വർഷവും നടപ്പിലാക്കുന്ന പ്രവർത്തന മികവ് വിലയിരുത്തിയാണ് കേന്ദ്രസർക്കാർ ദേശീയ ഭക്ഷ്യ സുരക്ഷ സൂചിക തയ്യാറാക്കുന്നത്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനകൾ, സാമ്പിൾ ശേഖരണം, സാമ്പിൾ പരിശോധന, NABL അംഗീകാരമുള്ള ലാബുകളുടെ എണ്ണം, പരിശോധന മികവ്, ഈറ്റ് റൈറ്റ് ഇനിഷ്യേറ്റീവുകൾ, വിവിധ ബോധവത്ക്കരണ പരിപാടികൾ തുടങ്ങി 40ഓളം പ്രവർത്തന മേഖലകൾ വിലയിരുത്തിയതിൽ മിക്കതിലും കേരളം ഇത്തവണയും ഒന്നാമതെത്തി. 140 പഞ്ചായത്തുകളിൽ ഭക്ഷ്യ സുരക്ഷ ഗ്രാമ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയും 500 ഓളം സ്കൂളുകളിൽ സേഫ് ആൻഡ് ന്യൂട്രിഷ്യസ് ഫുഡ് അറ്റ് സ്കൂൾ പദ്ധതി യാഥാർഥ്യമാക്കിയും 3000 ത്തോളം ഭക്ഷ്യ സുരക്ഷ ബോധവത്കരണ ക്ലാസുകൾ നടപ്പാക്കിയുമാണ് ദേശീയതലത്തിൽ പോയവർഷം കേരളം നേട്ടത്തിന് അർഹമാക്കിയത്.

## 8 വിദേശത്തിരുന്നും വസ്തുവിന് കരമടയ്ക്കാം



ഇ- സാക്ഷരത നേടിയവർക്ക് നേരിട്ടും അല്ലാത്തവർക്ക് അക്ഷയ സെന്ററുകൾ ഉപയോഗപ്പെടുത്തിയും നമ്മുടെ നാട്ടിൽ സർക്കാർ സേവനങ്ങൾ നേടിയെടുക്കാൻ സാധിക്കുന്ന സാഹചര്യം ഉറപ്പായതോടെ ഭരണനിർവഹണത്തിലും കേരളം രാജ്യത്തിന് മാതൃക സൃഷ്ടിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും പ്രയോജനപ്പെടുത്തി 1666 വില്ലേജുകൾക്ക് പ്രത്യേകം ഔദ്യോഗിക വെബ് സൈറ്റുകളും 900 ലധികം സേവനങ്ങൾ ഒരൊറ്റ ക്ലിക്കിൽ ലഭ്യമാക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയ സംസ്ഥാന സർക്കാർ പൊതുസേവനങ്ങൾ സുതാര്യതയോടെയും വേഗത്തിലും എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ പോയവർഷം 12 സേവനങ്ങൾ കൂടി റവന്യൂ വകുപ്പ് സ്മാർട്ട് സേവന പരിധിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു.

പ്രവാസികൾക്ക് ഭൂസംബന്ധമായ സേവനങ്ങൾ, ഏത് ഭൂമിയും തിരയാനുള്ള സൗകര്യം ലഭ്യമാക്കുന്ന www.revenue.kerala.gov.in, കെബിടി അപ്പീൽ -ഓൺലൈൻ സംവിധാനം, റവന്യൂ റിക്കവറി ഡിജിറ്റൽ പെയ്മെന്റ്, ബിസിനസ് യൂസർ -പാൻ ഉപയോഗിച്ചുള്ള ലോഗിൻ സൗകര്യം, തണ്ടപ്പേർ സർട്ടിഫിക്കറ്റ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, പോക്കുവരവ്, ഭൂപരിപാലനം, ഭൂനികുതി അടയ്ക്കൽ, ലൊക്കേഷൻ സ്കെച്ച്, മുൻ സർവെ റെക്കോഡുകൾ, ഡിജിറ്റൽ സർവെ മാപ്പ്, ലാൻഡ് ഐഡന്റിഫിക്കേഷൻ എന്നീ സേവനങ്ങൾ ഈ പോർട്ടൽ വഴി ലഭിക്കും. ഭൂമികൈമാറ്റം, ഭൂമി രജിസ്ട്രേഷൻ ചെയ്യാനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ, ഓട്ടോ മ്യൂട്ടേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂ നികുതി അടവ്, ഭൂമി തരംമാറ്റം, ഭൂമിയുടെ ന്യായവില നിർണയം തുടങ്ങിയ സേവനങ്ങളെല്ലാം ഓൺലൈനിൽ ലഭ്യമാകുന്ന നാടായി നമ്മുടെ സംസ്ഥാനം മാറിക്കഴിഞ്ഞു. അതിലൂടെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമുള്ള രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്.

## 9 ഉന്നത വിദ്യാഭ്യാസത്തിലും ഉയരെ

കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം വളരുകയാണ്. രാജ്യത്ത് ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലും നിലവാരത്തിലും ഒന്നാം സ്ഥാനത്തെത്തിയ കേരളത്തിൽ നാക് പരിശോധനയിൽ കേരള, എംജി, കാലിക്കറ്റ്, സംസ്കൃത, കൊച്ചി സർവകലാശാലകൾക്ക്



രാജ്യത്തെ ഉയർന്ന ഗ്രേഡ് ലഭിച്ചു കഴിഞ്ഞു. 269 കോളേജുകൾ നാക് അക്രെഡിറ്റേഷൻ നേടിയപ്പോൾ രാജ്യത്ത് ഉന്നതവിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലും കേരളം മുന്നിലെത്തിക്കഴിഞ്ഞു. ധനവകുപ്പിന് കീഴിലെ സ്വതന്ത്ര ഗവേഷണ സ്ഥാപനമായ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ റിപ്പോർട്ടനുസരിച്ച് സ്ത്രീകൾ, എസ് സി, എസ് ടി തുടങ്ങിയ വിഭാഗങ്ങൾ ആർജിച്ച വിദ്യാഭ്യാസ നേട്ടങ്ങളിലും കേരളം ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലാണ്.

സ്ത്രീകളുടെയും എസ് സി, എസ് ടി വിഭാഗങ്ങളുടെയും വിദ്യാഭ്യാസത്തിൽ ഒൻപതു വർഷത്തിനിടെ കേരളത്തിൽ 18.9 ശതമാനം വർധനവുണ്ടായപ്പോൾ ദേശീയതലത്തിൽ വളർച്ച ഏഴ ശതമാനം മാത്രമാണ്. ഉന്നതവിദ്യാഭ്യാസം നേടുന്ന ആൺകുട്ടികളുടെ എണ്ണം സംസ്ഥാനത്ത് 15.6 ശതമാനം വർധിച്ചു കഴിഞ്ഞു. നാലു വർഷ ഡിഗ്രി കോഴ്സിൽ ചേരുന്നവർക്ക് മൂന്നാം വർഷ പരീക്ഷ എഴുതി ബിരുദം നേടി പുറത്തു പോകാനും നാലാം വർഷ പരീക്ഷ പാസാകുന്നവർക്ക് ഓണേഴ്സ് ബിരുദം ലഭിക്കാനുമുള്ള അവസരമൊരുക്കുന്ന നാല് വർഷ ബിരുദപഠനത്തിനു വിവിധ സർവകലാശാലകളിൽ തുടക്കം കുറിച്ചു കഴിഞ്ഞു. ഇങ്ങനെ സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന സർക്കാർ ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഒരു വിജ്ഞാന സമ്പദ് വ്യസ്ഥയിലേക്ക് കുതിക്കുകയാണ്. സമഗ്രമായ പരിഷ്കാരങ്ങളിലൂടെയും ചിട്ടയായ ആസൂത്രണത്തോടെയും വിവിധ പദ്ധതികളും നയങ്ങളും ആവിഷ്കരിച്ച് ഈ രംഗത്തും കേരളം മികവുറ്റ മോഡൽ സൃഷ്ടിക്കുകയാണ്.

## 10 മാലിന്യമുക്ത നവകേരളത്തിലേക്ക്

സമ്പൂർണ്ണ ശുചിത്വ കേരളത്തിനായി ജനകീയ ക്യാമ്പെയിൻ ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ രണ്ടാം ഘട്ടത്തിന് ഗാന്ധിജയന്തി ദിനത്തിൽ തുടക്കം. 2025 മാർച്ച് 30 അന്താരാഷ്ട്ര ശൂന്യമാലിന്യ ദിനത്തിൽ സമ്പൂർണ്ണ ശുചിത്വ കേരള പ്രഖ്യാപനം എന്ന ലക്ഷ്യത്തിലേക്കുള്ള വഴിയാണ് ക്യാമ്പയിൻ. ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ വിവിധ ഘടകങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാനതലം മുതൽ ജില്ലാ-തദ്ദേശ സ്വയംഭരണ സ്ഥാപന-വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്.



2024

# കരുത്തുറ്റ തുടർച്ചകൾ, പുതിയ തുടക്കങ്ങൾ

## കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ 90 കോടി രൂപ ചെലവിൽ കാക്കനാട് നിർമിച്ച ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. 55,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പ്രദർശന ഹാൾ, 4500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആറ് മോഡ്യൂളുകൾ ആയി നിർമ്മിച്ചിട്ടുള്ള എക്സിബിഷൻ സെന്റർ, ആധുനിക സെക്യൂരിറ്റി സംവിധാനങ്ങൾ, വിശാലമായ പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ട്.

## കൊച്ചി വാട്ടർ മെട്രോ

കൊച്ചി വാട്ടർ മെട്രോ നാല് ടെർമിനലുകൾ കൂടി ഉദ്ഘാടനം ചെയ്തതോടെ കൂടുതൽ മേഖലകളിലേക്ക് സർവീസ് ആരംഭിച്ചു. മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനെല്ലൂർ ടെർമിനലുകളാണ് പുതുതായി ആരംഭിച്ചത്.





ലോകകേരളസഭ നാലാം സമ്മേളനം

ഇതോടെ ഒമ്പത് ടെർമിനലുകളിലായി അഞ്ച് റൂട്ടിലേക്ക് കൊച്ചി വാട്ടർ മെട്രോ വളർന്നു. കൊച്ചിയിലെ പ്രധാന ഭൂപ്രദേശവും ദ്വീപുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ സഹായിക്കുന്ന സംയോജിത ജലഗതാഗത സംരംഭമാണ് കൊച്ചി വാട്ടർ മെട്രോ. 10 ദ്വീപുകളിലായി 38 ടെർമിനലുകളെ പദ്ധതി ബന്ധിപ്പിക്കും. കാര്യക്ഷമവും സുസ്ഥിരവുമായ ഗതാഗതത്തിനായി 78 ഇലക്ട്രിക് ബോട്ടുകളാണ് വിന്യസിക്കുന്നത്.

## ആഗോള പ്രവാസികളുടെ ഉത്സവസംഗമം

ആഗോള പ്രവാസികളുടെ ഉത്സവ സംഗമം എന്നറിയപ്പെടുന്ന ലോക കേരളസഭയുടെ നാലാം സമ്മേളനത്തിന് ജൂൺ 13 മുതൽ 15 വരെ തലസ്ഥാനം വേദിയായി പ്രവാസി ക്ഷേമത്തിലൂന്നി നടത്തുന്ന ലോക കേരള സഭയുടെ കഴിഞ്ഞ മൂന്ന് സമ്മേളനങ്ങളും മേഖല സമ്മേളനങ്ങളും വഴി പ്രവാസികൾക്ക് ലഭ്യമായ ഉന്നമനവും ക്ഷേമ പ്രവർത്തനങ്ങളും നിരവധിയാണ്. പ്രവാസികൾക്ക് പ്രോത്സാഹനവും ആദരവും നൽകി കേരളത്തിൽ അവരുടെ നിക്ഷേപസംരംഭങ്ങൾ ശക്തിപ്പെടുത്തുകയും അതുവഴി കേരളത്തെ കൂടുതൽ വികസനപാതയിലെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിലേക്കുള്ള വഴിയാണ് ലോക കേരളസഭകൾ.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ് പ്ലാന്റിന് ഭരണാനുമതി

558.68 കോടി രൂപയുടെ പദ്ധതി കിഫ്ബി ഫണ്ട് വിനിയോഗിച്ച് കോഴിക്കോട് കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻറ് ടിഷ്യു ട്രാൻസ്പ്ലാന്റ് സ്ഥാപിക്കാൻ ഭരണാനുമതിയായി. അവയവമാറ്റ ശസ്ത്രക്രിയ കാത്തുകഴിയുന്ന നിരവധി പേർക്ക് ഇത് വലിയ ആശ്വാസമാകും.

## സപ്ലൈകോ @ 50

സപ്ലൈകോ അതിന്റെ രൂപീകരണത്തിന്റെ അമ്പതു വർഷങ്ങൾ പൂർത്തീകരിച്ചു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്തരമൊരു ജനകീയ വിപണന ശൃംഖല നിലവിലില്ല. 1974 മുതൽ അഞ്ചു പതിറ്റാണ്ടുകളായി രാജ്യത്തിനു തന്നെ മാതൃകയായ ഒരു വിപണി ഇടപെടൽ സംവിധാനമാണ് സപ്ലൈകോ. വിലക്കയറ്റമുൾപ്പെടെയുള്ള വിപണി ചൂഷണങ്ങളിൽ നിന്നും പൊതുജനത്തെ സംരക്ഷിക്കുന്നതിനായുള്ള ബദൽ സംവിധാനമായി ആരംഭിച്ച മാവേലി സ്റ്റോറുകളാണ് സപ്ലൈകോയുടെ ശാക്തീകരണത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തിയത്. നഗരങ്ങൾ മുതൽ ഗ്രാമഗ്രാമാന്തരങ്ങൾ വരെ നീളുന്ന വിപണനശൃംഖലയാണ് സപ്ലൈകോക്ക് ഇന്നുള്ളത്. മാവേലിസ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, എൽ.പി.ജി ഔട്ട് ലെറ്റുകൾ, പെട്രോൾ ബങ്കുകൾ, മെഡിക്കൽ സ്റ്റോറുകൾ എല്ലാം അടക്കം 1630 ഔട്ട്ലെറ്റുകളും 65 ലക്ഷത്തിലധികം ഉപഭോക്താക്കളുമാണ് സ്ഥാപനത്തിനുള്ളത്.

## കതിർ ആപ്പ്

### കർഷകർക്കുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ

സാങ്കേതിക വിദ്യയേയും ആശയ വിനിമയ സംവിധാനങ്ങളെയും സംയോജിപ്പിച്ച് കാർഷികമേഖലയുടെ വിവിധ തലങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾക്ക് 2024ൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തുടക്കമിട്ടു. കർഷകർക്കുള്ള എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന രാജ്യത്തെ ആദ്യ സംയോജിത പോർട്ടലാണ് കതിർ.

> ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും സപ്ലൈകോ പോലൊരു ജനകീയ വിപണന ശൃംഖല നിലവിലില്ല



കാർഷിക മേഖലയുടെ സമുന്നതമായ പുരോഗതിക്ക് വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ടു കൃഷി വകുപ്പ് തയ്യാറാക്കുന്ന പ്ലാറ്റ്ഫോമാണ് കതിർ (കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ്ബ് ആൻഡ് ഇൻഫർമേഷൻ റെപ്പോസിറ്ററി) ആപ്പ് . കർഷകർക്ക് ലഭ്യമാക്കേണ്ട വിവിധ സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ വിവര സങ്കേതമാണിത്.

## പിണറായി എജ്യുക്കേഷൻ ഹബ് നിർമ്മാണോദ്ഘാടനം

പിണറായി എജ്യുക്കേഷൻ ഹബ്ബിന് ശിലയിട്ടു. 285 കോടിയിൽ ഐ.ടി.ഐ, പോളിടെക്നിക്, ഐ എച്ച് ആർ ഡി കോളേജ്, സിവിൽ സർവീസ് അക്കാദമി, ഹോട്ടൽ മാനേജ്മന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ ഉണ്ടാകും.

## ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം

ഇന്ത്യയിലെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂരിൽ പ്രവർത്തനമാരംഭിച്ചു. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള കെൽട്രോൺ കോംപണന്റ് കോംപ്ലക്സിൽ ആരംഭിച്ച പുതിയ പ്ലാന്റിൽ നിന്ന് ലോകനിലവാരത്തിലുള്ള സൂപ്പർ കപ്പാസിറ്ററുകൾ തദ്ദേശീയമായി നിർമിച്ച് ഇന്ത്യൻ പ്രതിരോധമേഖലയ്ക്കും ഇലക്ട്രിക് വാഹനങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കുമുൾപ്പെടെ വിതരണം ചെയ്യും.

## കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി ബസ്

കെ എസ് ആർ ടി സിയുടെ സ്വിഫ്റ്റ് എസി സൂപ്പർ ഫാസ്റ്റ് പ്രീമിയം ബസ് സർവീസ് ആരംഭിച്ചു. ആദ്യഘട്ടത്തിൽ 10 ബസുകളാണ് സർവീസ് നടത്തുക. വൈഫൈ കണക്ഷൻ, മ്യൂസിക് സിസ്റ്റം, പുഷ് ബാക്ക് സീറ്റ് തുടങ്ങി നിരവധി സൗകര്യങ്ങളുണ്ട്.

## സീ പ്ലെയിൻ

ആദ്യ സീ പ്ലെയിൻ സർവീസിന് നവംബർ 12ന് കൊച്ചിക്കായലിൽ തുടക്കമിട്ടു. ബോൾഗാട്ടി പാലസ് വാട്ടർഡ്രോമിൽനിന്ന് മാട്ടുപ്പെട്ടിയിലേക്കായിരുന്നു ആദ്യ സർവീസ്. 17 സീറ്റുള്ള വിമാനമാണ് സർവീസ് നടത്തിയത്. പരീക്ഷണപ്പറക്കലാണ് നടത്തിയത്. കൂടുതൽ പഠനങ്ങൾക്ക് ശേഷം പദ്ധതിയിൽ അന്തിമതീരുമാനമെടുക്കും.

## ആദ്യത്തെ ഭാഷ-സാഹിത്യ-സാംസ്കാരിക മ്യൂസിയം കോട്ടയത്ത

അക്ഷരങ്ങൾക്കും ഭാഷയ്ക്കും സംസ്കാരത്തിനും ഊന്നൽ നൽകി ഇന്ത്യയിലെ തന്നെ ആദ്യത്തെ ഭാഷ-സാഹിത്യ-സാംസ്കാരിക അക്ഷരം മ്യൂസിയം കേരളത്തിന്റെ അക്ഷരനഗരമായ കോട്ടയത്തെ നാട്ടകത്ത്. അന്തർദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് 15,000 ചതുരശ്രയടിയിൽ 15 കോടി ചെലവിലാണ് നാട്ടകത്തെ മറിയപ്പള്ളിയിൽ മ്യൂസിയം നിർമ്മിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യപ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരം മ്യൂസിയം'. നാലു ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന അക്ഷരം മ്യൂസിയത്തിന്റെ ആദ്യഘട്ടത്തിൽ ഭാഷയുടെ ഉൽപത്തി










> കെ എസ് ആർ ടി സിയുടെ സ്വിഫ്റ്റ് സർവീസുകൾ ഇതിനകം ജനപ്രീതി ആർജിച്ചുകഴിഞ്ഞു.



വയനാട് കളക്ടറേറ്റിൽ റവന്യൂവകുപ്പിൽ ശ്രുതി ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചപ്പോൾ

മുതൽ മലയാളഭാഷയുടെ സമകാലികമുഖം വരെ അടയാളപ്പെടുത്തുന്ന വിവിധ ഗ്യാലറികളാണ്.

## ലോകത്തിലെ ആദ്യ ലിംഗസമത്വ- ഉത്തരവാദിത്വ ടൂറിസം സമ്മേളനം

കേരളത്തെ ലോകത്തിലെ ഏറ്റവും സുരക്ഷിതവും മികച്ചതുമായ വനിതാ സൗഹൃദ ടൂറിസം ഡെസ്റ്റിനേഷനാക്കുക എന്ന ലക്ഷ്യത്തോടെ ത്രിദിന ആഗോള ലിംഗസമത്വ ഉത്തരവാദിത്വ ടൂറിസം വനിതാ സമ്മേളനം ഇടുക്കി ജില്ലയിലെ മൂന്നാറിൽ നവംബർ 30 മുതൽ ഡിസംബർ 2 വരെ സംഘടിപ്പിച്ചു. സംസ്ഥാന ടൂറിസം വകുപ്പ്, ഉത്തരവാദിത്വ ടൂറിസം മിഷൻ സൊസൈറ്റി, യു.എൻ. വിമെൻ എന്നിവയുടെ ആഭിമുഖ്യത്തിലാണ് ആഗോള സമ്മേളനം നടന്നത് . ലിംഗഭേദവും സ്ത്രീ സൗഹൃദവും കേന്ദ്രീകരിച്ചുള്ള ലോകത്തിലെ ആദ്യത്തെ ഉത്തരവാദിത്ത ടൂറിസം സമ്മേളനമാണ് ഇത്.

## ശ്രുതിക്ക് ജോലി

വയനാട് ദുരന്തത്തിന്റെ ഇരയാവുകയും പിന്നീട് തുടർച്ചയായി പ്രതിസന്ധികൾ നേരിടേണ്ടി വരികയും ചെയ്ത ശ്രുതിക്ക് സർക്കാർ ജോലി നൽകി. ഡിസംബർ 9ന് വയനാട് റവന്യു വകുപ്പിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ചു.

## കൊച്ചി മാർക്കറ്റ് സമുച്ചയം

കൊച്ചി സ്മാർട്ട് മിഷന്റെയും കൊച്ചി കോർപ്പറേഷന്റെയും മുൻകൈയിൽ നിർമ്മിച്ച പുതിയ മാർക്കറ്റ് സമുച്ചയം തുറന്നു. കൊച്ചി മുൻസിപ്പൽ കോർപറേഷന് വേണ്ടി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സിഎസ്എംഎൽ) ആണ് 1.63 ഏക്കർ സ്ഥലത്ത് 72 കോടി ചെലവിൽ 19,990 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ മാർക്കറ്റ് സമുച്ചയം നിർമിച്ചിരിക്കുന്നത്. സ്ഥലമില്ലായ്മയും മാലിന്യപ്രശ്നങ്ങളും കൊണ്ട് വീർപ്പുമുട്ടിയിരുന്ന എറണാകുളം മാർക്കറ്റിന് ശാശ്വതപരിഹാരമാണ് സാധ്യമായത്.



കൊച്ചി മാർക്കറ്റ് സമുച്ചയം



കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ 0484 എയ്റോ ലോഞ്ച്



തൊട്ടിയാർ ജലവൈദ്യുത പദ്ധതിയിൽ 99 ദശലക്ഷം യൂണിറ്റാണ് പ്രതിവർഷം പ്രതീക്ഷിക്കുന്ന വൈദ്യുതി ഉല്പാദനം.

## പാൽപ്പൊടി നിർമാണ ഫാക്ടറി

മിൽമ മലബാർ യൂണിയൻ മലപ്പുറത്ത് മങ്കട മൂർക്കനാട് പാൽപ്പൊടി നിർമാണ ഫാക്ടറി ആരംഭിച്ചു. 12.4 ഏക്കറിൽ ഡയറി പ്ലാന്റിനോടു ചേർന്നാണ് 131.3 കോടി രൂപ ചെലവിൽ മലപ്പുറം ഡെയറിയും പാൽപ്പൊടി ഫാക്ടറിയും നിർമിച്ചത്. കേരളത്തിലെ ഏറ്റവും വലുതും അത്യാധുനിക സാങ്കേതികവിദ്യയോടുകൂടി പ്രവർത്തിക്കുന്നതുമാണ് മിൽമ പാൽപ്പൊടി നിർമാണ ഫാക്ടറി. 10 ടണ്ണാണ് ഉത്പാദനക്ഷമത. ദിവസം ഒരുലക്ഷം പാൽ പൊടിയാക്കി മാറ്റാം.



അധ്യയനവർഷത്തിന്റെ അവസാനത്തിൽ തന്നെ അടുത്ത വർഷത്തേക്കുള്ള പാഠപുസ്തകവിതരണം പൂർത്തിയാക്കി സർക്കാർ. പുതിയ പാഠപുസ്തകങ്ങളുമായി തിരുവനന്തപുരം കോട്ടൺ ഹിൽ ഗവ എൽ പി സ്കൂൾ വിദ്യാർത്ഥികളായ ആർണവും വൈദേഹിയും

## സിയാൽ താജ് ഹോട്ടൽ

അത്യാഡംബര സൗകര്യങ്ങളോടെ താജ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ഹോട്ടൽ പ്രവർത്തനമാരംഭിച്ചു. വിനോദ സഞ്ചാരികളെയും അന്താരാഷ്ട്ര യാത്രക്കാരെയും ലക്ഷ്യമിട്ടാണ് കൊച്ചി എയർ പോർട്ടിന് സമീപം പഞ്ചനക്ഷത്ര ഹോട്ടൽ പ്രവർത്തനമാരംഭിച്ചത്. സിയാൽ മാസ്റ്റർ പ്ലാനിൽ പണികഴിപ്പിച്ച പഞ്ചനക്ഷത്ര ഹോട്ടൽ, നടത്തിപ്പിനായി ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ്-താജ് ഗ്രൂപ്പിനെ ആഗോള ടെൻഡറിലൂടെ കണ്ടെത്തി കൈമാറുകയായിരുന്നു. കൊച്ചി വിമാനത്താവളത്തിൽ നിന്ന് 500 മീറ്റർ മാത്രം അകലെയുള്ള താജ് ഹോട്ടലിലേക്ക് ലാൻഡിങ് കഴിഞ്ഞ് 15 മിനിട്ടിനുള്ളിൽ എത്താൻ കഴിയും.

## തൊട്ടിയാർ ജലവൈദ്യുത പദ്ധതി

ഇടുക്കിയിൽ 40 മെഗാവാട്ട് (മെഗാവാട്ട്) തൊട്ടിയാർ ജലവൈദ്യുത പദ്ധതി ആരംഭിച്ചു. വൈദ്യുതി ഉൽപാദനത്തിന് ആവശ്യമായ വെള്ളം കുറവായതാണ് തൊട്ടിയാർ പദ്ധതിയുടെ പ്രത്യേകത. 99 ദശലക്ഷം യൂണിറ്റാണ് പ്രതിവർഷം പ്രതീക്ഷിക്കുന്ന വൈദ്യുതി ഉത്പാദനം.

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ '0484 എയ്റോ ലോഞ്ചി'ന്റെ ഉദ്ഘാടനം

സിയാലിന്റെ എയ്റോ ലോഞ്ച് 0484 ഉദ്ഘാടനം ചെയ്തു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന മെഗാപദ്ധതികളിൽ നാലാമത്തെ പദ്ധതിയാണ് 0484 എയ്റോ ലോഞ്ച്. മിതമായ മണിക്കൂർ നിരക്കുകളിൽ പ്രീമിയം എയർപോർട്ട് ലോഞ്ച് അനുഭവമാണ് 0484 എയ്റോ ലോഞ്ചിലൂടെ യാത്രക്കാർക്ക് ലഭിക്കുക. സെക്യൂരിറ്റി ഹോൾഡ് മേഖലയ്ക്ക് പുറത്തായതിനാൽ സന്ദർശകർക്കും ലോഞ്ച് സംവിധാനങ്ങൾ ഉപയോഗിക്കാൻ കഴിയും ആഭ്യന്തര-അന്താരാഷ്ട്ര ടെർമിനലുകൾക്ക് സമീപത്തായാണ് ലോഞ്ച് ഒരുക്കിയിട്ടുള്ളത്.

## പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി

ആറ് മെഗാവാട്ട്ശേഷിയുള്ള പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്ന് വൈദ്യുതി ഉൽപാദനം ആരംഭിച്ചു. ഒമ്പത് വർഷത്തിനകം മുതൽമുടക്ക് തിരിച്ചുകിട്ടുംവിധം ലാഭകരമായ പദ്ധതിയാണിത്. കാലവർഷത്തിലെ നീരൊഴുക്കിനെ ആശ്രയിക്കാത്തതിനാൽ വർഷം മുഴുവൻ ഉൽപാദനം സാധ്യമാവും. ■

**ആറ് മെഗാവാട്ട് ശേഷിയുള്ള പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്ന് വൈദ്യുതി ഉൽപാദനം ആരംഭിച്ചു**



2024 ൽ കേരളത്തെ തേടിയെത്തിയത് നിരവധി ദേശീയ അന്തർദേശീയ അംഗീകാരങ്ങളാണ്



# പുരസ്കാരത്തിളക്കത്തിൽ കേരളം

- നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ (2023-24) ഒന്നാം സ്ഥാനം നിലനിർത്തി കേരളം. തുടർച്ചയായി നാലാം തവണയാണ് എസ്ഡിജി സൂചികയിൽ സംസ്ഥാനം ആദ്യസ്ഥാനം നേടുന്നത്.
- നീതി ആയോഗിന്റെ ദേശീയ ആരോഗ്യസൂചികയിൽ കേരളം ഒന്നാമത്
- വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ ഒന്നാമത്.
- 2024ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡിലെ (NECA) സംസ്ഥാന ഊർജ കാര്യക്ഷമതയിൽ കേരളത്തിന് നേട്ടം. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ കാര്യക്ഷമത വിലയിരുത്തുന്ന ദേശീയ ഊർജകാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിലാണ് കേരളത്തിന് രണ്ടാംസ്ഥാനം ലഭിച്ചത്.
- ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചിക -2024ൽ തുടർച്ചയായി രണ്ടാംവർഷവും ഒന്നാം സ്ഥാനം.
- കേന്ദ്ര തീരദേശ ജല ഗുണനിലവാര സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്. മൂന്ന് വ്യത്യസ്ത തീരപ്രദേശങ്ങളിൽ നിന്നെടുത്ത ജല സാംപിളുകൾ ശേഖരിച്ച് നടത്തിയ പഠനത്തിലാണ് ശുചിത്വത്തിൽ കേരളം ഒന്നാമതെന്ന് കണ്ടെത്തിയത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തിറക്കിയ എൻവിസ്റ്റാറ്റ്സ് 2024 റിപ്പോർട്ടിലാണ് അംഗീകാരം.
- നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ്ങ് ഫ്രെയിംവർക്ക് (എൻഐആർഎഫ്) 2024ൽ  രാജ്യത്തെ ഏറ്റവും മികച്ച കോളേജുകളുടെയും സർവകലാശാ

ലകളുടെയും പട്ടികയിൽ കേരളത്തിലെ നാല് സർവകലാശാലകളും 16 കോളേജുകളും ആദ്യ നൂറിൽ. മികച്ച സ്റ്റേറ്റ് പബ്ളിക് യൂണിവേഴ്സിറ്റികളുടെ പട്ടികയിൽ യഥാക്രമം 9.10.11 സ്ഥാനങ്ങളിൽ കേരള, കൊച്ചി, എംജി സർവകലാശാലകൾ. രാജ്യത്തെ സർവകലാശാലകളുടെ മാത്രം റാങ്കിങ്ങിൽ കേരള സർവകലാശാല 21-ാം സ്ഥാനത്തും കൊച്ചിൻ സർവകലാശാല 34-ാമതും.

- 2024ലെ ദേശീയ പഞ്ചായത്ത് പുരസ്കാരത്തിൽ ഇരട്ട പുരസ്ക്കാര നേട്ടവുമായി തിളങ്ങി കേരളം. ദാരിദ്ര്യമുക്തവും മെച്ചപ്പെട്ട ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതിന് ദീൻ ദയാൽ ഉപാധ്യായ് പഞ്ചായത്ത് സതത് വികാസ് പുരസ്കാരം മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ ഗ്രാമപഞ്ചായത്ത് സ്വന്തമാക്കി. ദേശീയ തലത്തിൽ രണ്ടാം സ്ഥാനമാണ് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് നേടിയത്. പഞ്ചായത്ത് ക്ഷമത നിർമാൺ സർവോത്തം സംസ്ഥാന പുരസ്ക്കാരം കില നേടി.
- ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം. സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങളിലെ ഡിജിറ്റൽ ഫോറൻസിക് മികവ് കണ്ടെത്തുന്നതിനുള്ള വിഭാഗത്തിലാണ് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറി രണ്ടാം സ്ഥാനം നേടിയത്.
- രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് സൈബർ വിഭാഗങ്ങളെ തിരഞ്ഞെടുക്കുന്ന പുരസ്കാരമാണിത്.
- കേരളത്തിലെ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം. ആർ) തോത് വിലയിരുത്താനും അതിനനുസരിച്ച് ആന്റി മൈക്രോബ്രിയൽ റെസിസ്റ്റൻസ് പ്രതിരോധിക്കാനും പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമാണ് റിപ്പോർട്ട്.
- ആരോഗ്യമേഖലയിൽ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ഹെൽത്ത് സംവിധാനം നടപ്പാക്കി കേരളം. സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം പ്രവർത്തന സജ്ജമായി.
- കേന്ദ്രത്തിന്റെ ആരോഗ്യമന്ഥൻ പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേരളത്തിന്. ഏറ്റവും കൂടുതൽ ചികിത്സ നൽകിയ സംസ്ഥാനം, കാഴ്ചപരിമിതർക്കായി പ്രത്യേകം ലഭ്യമാക്കിയ സേവനങ്ങൾക്ക് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്നീ രണ്ട് വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ.
- വയോജനപരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്രസർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ
- മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിങ്ങ് സ്റ്റേറ്റ് ദേശീയ പുരസ്കാരം കേരളത്തിന്
- ഭിന്നശേഷി ആരോഗ്യ മേഖലയിലെ രാജ്യാന്തര സ്ഥാപനമായി വികസിച്ച തൃശ്ശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷന് (നിപ്മർ) യു.എൻ കർമ്മസേന പുരസ്കാരം.
- മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്.
- രാജ്യത്ത് യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ മികച്ച നേട്ടവുമായി കേരളം. പതിനൊന്നാമത് ഗ്ലോബൽ സമ്മിറ്റ് ഓൺ സ്കിൽ ഡെവലപ്മെന്റ് 2024ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025 പ്രകാരം 22നും 25നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ തൊഴിൽക്ഷമതയിൽ കേരളം രണ്ടാം സ്ഥാനമാണ് കരസ്ഥമാക്കിയിരിക്കുന്നത്.
- രാജ്യത്ത് ആദ്യമായി ആന്റി ബയോഗ്രാം (എഎംആർ സർവൈയലൻസ് റിപ്പോർട്ട്) മൂന്നാം തവണയും പുറത്തിറക്കി കേരളം.
- രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ്




ഏറ്റവും മികച്ച സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരത്തിനായുള്ള പുരസ്കാരം ഇത്തവണയും കൊച്ചിയെ തേടിയെത്തി. ഏറ്റവും സുസ്ഥിര ഗതാഗത സംവിധാനമുള്ള നഗരം എന്ന വിഭാഗത്തിലാണ് കൊച്ചിക്ക് അർബൺ ട്രാൻസ്പോർട്ടിലെ മികവിനുള്ള പുരസ്കാരം ലഭിച്ചത്. ഗവൺമെന്റ് ഓഫ് ഹൗസിംഗ് ആൻഡ് അർബൺ അഫയേഴ്സ് നടത്തുന്ന അർബൺ മൊബിലിറ്റി ഇന്ത്യ 2024 ദേശീയ മത്സരത്തിന്റെ ഭാഗമായാണ് ഈ അംഗീകാരം.



അന്താരാഷ്ട്ര തലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം അളക്കുന്നതിനുള്ള ആഗോള റാങ്കിങ്ങ് സംവിധാനമായ ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ (QS Quacquarelli Symonds World University Rankings) കേരള സർവകലാശാലയും ടൈംസ് ആഗോള റാങ്കിംഗിൽ മഹാത്മാഗാന്ധി സർവകലാശാലയും മികച്ച പോയിന്റാണ് നേടിയിരിക്കുന്നത്.

സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

- വിനോദസഞ്ചാരികൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ട്രെൻഡിങ്ങ് ഡെസ്റ്റിനേഷൻ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടി തിരുവനന്തപുരം. പ്രമുഖ ട്രാവൽ വെബ്സൈറ്റ് സ്കൈ സ്കാനറിന്റെ 2025 ലെ പട്ടികയിൽ

- കൊച്ചി വാട്ടർ മെട്രോ ലോകനഗരങ്ങൾക്ക് മാതൃകയെന്ന് യുഎൻ ഹാബിറ്റാറ്റ് റിപ്പോർട്ട്. കാലാവസ്ഥാവ്യതിയാനം നേരിടുന്നതിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിലും ലോകത്തിലെ മറ്റുനഗരങ്ങൾക്കുള്ള സുസ്ഥിര നഗരവികസനമാതൃകയാണ് കൊച്ചി വാട്ടർ മെട്രോയെന്നാണ് റിപ്പോർട്ട്.

- ശുചിത്വത്തിലും മാലിന്യനിർമ്മാർജനത്തിലും ദേശീയ നേട്ടം കൊയ്ത് കിൻഫ്ര പാർക്കുകൾ. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്ഐസിസിഐ) അഖിലേന്ത്യാതലത്തിൽ ഏർപ്പെടുത്തിയ സ്വച്ഛ് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ രണ്ടെണ്ണം കിൻഫ്ര പാർക്കുകൾ സ്വന്തമാക്കി. എൻവയൺമെന്റ് സസ്റ്റെയ്നബിലിറ്റി ചാമ്പ്യൻസ് വിഭാഗത്തിൽ

ന്നുള്ള കേന്ദ്ര ഫിഷറീസ് മന്ത്രാലയ പുരസ്കാര നേട്ടവുമായി കേരളം. 2024 ലെ ലോക ഫിഷറീസ് ദിനത്തോട് അനുബന്ധിച്ച് മത്സ്യബന്ധന മേഖലയിൽ കേരളം നടത്തുന്ന സമഗ്രപ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലത്തെ തെരഞ്ഞെടുത്തു.

- നഗര ഭരണ- ശുചിത്വ പ്രവർത്തനങ്ങളിലും നഗരസഭ നൽകിയ സമഗ്ര സംഭാവനകൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിനു കീഴിലെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷന്റെ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയ്ക്ക് നൂതന മാലിന്യസംസ്കരണ രീതികൾ സ്വീകരിക്കുക, സുസ്ഥിര ശുചിത്വ പദ്ധതികൾ നടപ്പാക്കുക, നഗര ശുചിത്വസംരംഭങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നിവ ഉൾപ്പെടുന്ന നഗരഭരണത്തിൽ നടപ്പിലാക്കിയ നൂതന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ്.

- രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം വില്ലേജുകളുടെ കേന്ദ്രസർക്കാർ പട്ടികയിൽ കടലുണ്ടിയും കുമരകവും തെരഞ്ഞെടുക്കപ്പെട്ടു.

- ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം(എൻ.യു.എൽ.എം.) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് നൽകുന്ന കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 2023-24ലെ സ്പാർക്ക് റാങ്കിങ്ങിൽ കേരളത്തിന് ഒന്നാം സ്ഥാനം. ഇതോടെ തുടർച്ചയായി ഏഴ് തവണ സ്പാർക്ക് അവാർഡ് നേടുന്ന ഏക സംസ്ഥാനമായി കേരളം മാറി.

- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ




കേരള സ്റ്റാർട്ടപ്പ് മിഷനും സഹൃദയ കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആൻഡ് ടെക്നോളജിയും ചേർന്ന് ഹഡിൽ ഗ്ലോബൽ എക്സ്പോയിൽ ഒരുക്കിയ സ്റ്റാൾ

സ്റ്റാർട്ടപ്പ് മേഖലയിലെ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് പെർഫോമർ പുരസ്കാരം കേരളത്തിന്.

പത്താം സ്ഥാനത്താണ് തിരുവനന്തപുരം.

- ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ഐസിആർടി (ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം) ഇന്ത്യ ചാപ്റ്ററിന്റെ 2024ലെ സുവർണ പുരസ്കാരം.

പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും ഇൻഫ്രാസ്ട്രക്ചർ ചാമ്പ്യൻസ് വിഭാഗത്തിൽ കളമശ്ശേരി ഹൈടെക് പാർക്കുമാണ് പുരസ്കാരങ്ങൾ നേടിയത്.

- ഇന്ത്യയിലെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തി



അഗ്നിരക്ഷാസേനയുടെ ആദ്യ വനിതാ ബാച്ച് പാസിംഗ് ഔട്ട് പരേഡിന് ശേഷം കുഞ്ഞിനെ വാരിയെടുക്കുന്ന സേനാംഗം

കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള പോലീസിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം.

- സുസ്ഥിര വികസനത്തിനായുള്ള ഷാങ്ഹായ് ഗ്ലോബൽ അവാർഡിന് തിരുവനന്തപുരം കോർപറേഷൻ തെരഞ്ഞെടുക്കപ്പെട്ടു. യുഎൻ ഹാബിറ്റാറ്റിന്റെയും ഷാങ്ഹായ് മുനിസിപ്പാലിറ്റിയുടെയും നേതൃത്തത്തിലുള്ള ആഗോള സംരംഭമാണ് നഗരങ്ങളിലെ സുസ്ഥിര വികസനത്തിനുള്ള ആഗോള അവാർഡിന് തിരുവനന്തപുരം കോർപ്പറേഷനെ തെരഞ്ഞെടുത്തത്.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ രാജ്യത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് - ഐ.സി.എം.ആർ തിരഞ്ഞെടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗം ഇടം നേടിയത്. കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് ഈ സ്ഥാനത്ത് എത്തുന്നത് ചരിത്രത്തിൽ ആദ്യമായാണ്.
- ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിങ് ഏജൻസിക്കുള്ള ദേശീയ അംഗീകാരവുമായി തുടർച്ചയായി രണ്ടാം തവണയും സംസ്ഥാന വനിതാവികസന കോർപ്പറേഷൻ. സംസ്ഥാനത്ത് വനിതകളുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ ഒന്നാംസ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്.
- പബ്ലിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ' നൽകുന്ന 'ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ" അംഗീകാരം സംരംഭക വർഷം പദ്ധതിക്ക്. സൊസൈറ്റിയുടെ 87 വർഷത്തെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി അംഗീകരിക്കപ്പെടുന്നത്. ■



## രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി നിയമനം

2016 (മെയ്മുതൽ) : 26141

2017: 35911

2018 28025

2019 :35422

2020: 25914

2021 :26724

2022 :22393

2023 : 34110
എന്നിങ്ങനെയാണ് നിയമനക്കണക്ക്. 2024 ൽ 34,299 പേർക്ക് നിയമന ശുപാർശ ചെയ്തു. കഴിഞ്ഞ വർഷം ഇത് 34110 ആയിരുന്നു. രാജ്യത്താകെ നടന്ന പി എസ് സി നിയമനത്തിന്റെ 56 ശതമാനം നടന്നത് കേരളത്തിൽ. 2016 മുതൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് 2,68,937 പേർക്ക് നിയമന ശുപാർശ നൽകി.

## രാജ്യത്ത് ഏറ്റവും ഉയർന്ന വേതനം

രാജ്യത്ത് ഗ്രാമീണ മേഖലയിൽ തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന വേതനം കേരളത്തിലെന്ന് റിസർവ് ബാങ്കിന്റെ 2023-24ലെ റിപ്പോർട്ട്. രോഗ്യ, സാമൂഹ്യ മേഖലകളിലും ഏറ്റവും മികവ് കേരളത്തിനെന്നും റിപ്പോർട്ടിൽ പറയുന്നു. ഗ്രാമീണ മേഖലയിൽ കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് 893.6 രൂപ, കർഷകത്തൊഴിലാളികൾക്ക് 807.2 രൂപ, കാർഷികേതര തൊഴിലാളികൾക്ക് 735 രൂപ എന്നിങ്ങനെയാണ് കേരളത്തിൽ ശരാശരി ദിവസക്കൂലി. ദേശീയ ശരാശരിയുടെ ഇരട്ടിയോളമാണിത്. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ ദിവസക്കൂലി ദേശീയ ശരാശരി 417.3 രൂപയും കർഷകതൊഴിലാളികളുടേത് 372.7 രൂപയും കാർഷികേതര തൊഴിലാളികളുടേത് 371.4 രൂപയുമാണ്.

വീണാ ജോർജ്
ആരോഗ്യവകുപ്പ് മന്ത്രി

# സൗജന്യചികിത്സയിൽ അഭിമാനത്തോടെ കേരളം



> രാജ്യത്ത് കഴിഞ്ഞ മൂന്ന് വർഷമായി ഏറ്റവും അധികം സൗജന്യചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം.

കേരളത്തിന്റെ ആരോഗ്യരംഗം സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിട്ട മൂന്നര വർഷമാണ് കടന്ന് പോയത്. കോവിഡിനൊപ്പം നിപ, മങ്കിപോക്സ്, സിക, മറ്റ് പകർച്ചവ്യാധികൾ, പ്രളയാനന്തര വെല്ലുവിളികൾ എന്നിവയേയും അതിജീവിക്കാൻ സാധിച്ചു. ഇത്രയേറെ വെല്ലുവിളികൾ നേരിട്ടപ്പോഴും ആരോഗ്യ രംഗത്ത് വളരെയധികം വികസന പ്രവർത്തനങ്ങൾ നടത്താൻ കേരളത്തിനായി. നമ്മുടെ പല ആരോഗ്യപദ്ധതികളും ദേശീയ ശ്രദ്ധയാകർഷിച്ചു. അതിലൊന്നാണ് സൗജന്യ ചികിത്സ. രാജ്യത്ത് കഴിഞ്ഞ മൂന്ന് വർഷമായി ഏറ്റവും അധികം സൗജന്യചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം.

വിവിധ പദ്ധതികളിലൂടെയാണ് സംസ്ഥാനം സൗജന്യചികിത്സ ഉറപ്പാക്കുന്നത്. സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ് കാസ്പ്. പദ്ധതിയിൽ അംഗങ്ങളായ 581 സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കിവരുന്നത്. ഇത്തരത്തിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സജ്ജമാക്കിയിട്ടുള്ള കാസ്പ് കിയോസ്ക്കുകൾ മുഖേന പദ്ധതിയുടെ അനുബന്ധസേവനങ്ങൾ ലഭ്യമാക്കി വരുന്നു. ഈ സർക്കാരിന്റെ ആരംഭത്തിൽ 2.5 ലക്ഷം ആളുകൾക്കാണ് പ്രതിവർഷം സൗജന്യചികിത്സ നൽകിയതെങ്കിൽ 2024ൽ





6.5 ലക്ഷം പേർക്കാണ് സൗജന്യചികിത്സ നൽകിയത്. ഒരു കുടുംബത്തിലെ ഓരോരുത്തർക്കും അഞ്ച് ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ ഈ പദ്ധതിയിലൂടെ ലഭിക്കുന്നു. നിലവിൽ കാസ്പിന് കീഴിലുള്ള 42 ലക്ഷം ഗുണഭോക്താക്കളിൽ 20 ലക്ഷത്തിലധികം പേർക്കും പൂർണ്ണമായും സംസ്ഥാനമാണ് ധനസഹായം നൽകുന്നത്. വിവിധ സൗജന്യ ചികിത്സകൾക്കായി പ്രതിവർഷം 1600 കോടി രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. എന്നാൽ കേന്ദ്രം സംസ്ഥാനത്തിന് നൽകുന്നത് 150 കോടി രൂപ മാത്രമാണ്. മൊത്തം ചെലവിന്റെ 10 ശതമാനം മാത്രമാണ് കേന്ദ്രം അനുവദിക്കുന്നത്.

## അപൂർവ രോഗങ്ങൾക്ക് സൗജന്യചികിത്സാപദ്ധതികൾ

രാജ്യത്ത് ആദ്യമായി അപൂർവ രോഗചികിത്സയ്ക്കായി പ്രത്യേക പദ്ധതി 'കെയർ' ആരംഭിച്ചു. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തി. എസ്.എ.ടി.യിലെ സെന്റർ ഓഫ് എക്സലൻസ് വഴി വലിയ ചെലവുള്ള അപൂർവ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ചെയ്തു കൊടുക്കാൻ സാധിച്ചു. സംസ്ഥാനത്ത് ആദ്യമായി ലൈസോസോമൽ സ്റ്റോറേജ് രോഗങ്ങൾക്ക് മരുന്ന് നൽകുന്ന പദ്ധതിയും ആരംഭിച്ചു. രാജ്യത്ത് ആദ്യമായി ഹീമോഫീലിയ ചികിത്സയിൽ 18 വയസിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും പ്രൊഫിലാക്സിസ് ചികിത്സ നൽകാനായി.

## അർബുദ രോഗികൾക്ക് കാരുണ്യസ്പർശം

കാൻസർ ചികിത്സാ ചെലവ് ചുരുക്കുന്നതിൽ രാജ്യത്തിനാകെ മാതൃകയാകുന്ന ചുവടുവയ്പ്പാണ് ഈ സർക്കാർ നടത്തിയത്. കാൻസർ രോഗബാധിതരായവർക്ക് പൊതുവിപണിയിൽ ലഭിക്കുന്നതിനെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വിലയിൽ മരുന്ന്

> **കാൻസർ രോഗബാധിതരായവർക്ക് പൊതുവിപണിയിൽ ലഭിക്കുന്നതിനെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വിലയിൽ മരുന്ന് ലഭ്യമാക്കാൻ കാരുണ്യ സ്പർശം കൗണ്ടറുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചു**

### ഇപ്പോൾ കാൻസർ മരുന്നുകൾ ലഭിക്കുന്ന

# കാരുണ്യ ഫാർമസികൾ

1. തിരുവനന്തപുരം മെഡിക്കൽ കോളേജ്
2. കൊല്ലം ഗവ. വിക്ടോറിയ ആശുപത്രി
3. പത്തനംതിട്ട ജനറൽ ആശുപത്രി
4. ആലപ്പുഴ മെഡിക്കൽ കോളേജ്
5. കോട്ടയം മെഡിക്കൽ കോളേജ്
6. ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആശുപത്രി
7. എറണാകുളം മെഡിക്കൽ കോളേജ്
8. തൃശൂർ മെഡിക്കൽ കോളേജ്
9. പാലക്കാട് ജില്ലാ ആശുപത്രി
10. മലപ്പുറം തിരൂർ ജില്ലാ ആശുപത്രി
11. കോഴിക്കോട് മെഡിക്കൽ കോളേജ്
12. മാനന്തവാടി ജില്ലാ ആശുപത്രി
13. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്
14. കാസർഗോഡ് ജനറൽ ആശുപത്രി



ഹൃദ്യം പദ്ധതി ഗുണഭോക്താക്കളുടെ സംഗമത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് കുഞ്ഞുങ്ങൾക്കൊപ്പം

ലഭ്യമാക്കാൻ കാരുണ്യ സ്പർശം കൗണ്ടറുകൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചു. കേവലം മൂന്നര മാസം കൊണ്ട് രണ്ട് കോടിയിലധികം രൂപയുടെ മരുന്നുകളാണ് സർക്കാർ വിതരണം ചെയ്തത്. പല മരുന്നുകൾക്കും 88 ശതമാനം വരെ വിലകുറച്ചാണ് ലഭ്യമാക്കിയത്. തീർത്തും ലാഭരഹിതമായിട്ടാണ് (സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്) ഈ മരുന്നുകൾ ലഭ്യമാക്കുന്നത്. ആരംഭത്തിൽ 247 ബ്രാൻഡഡ് ഓങ്കോളജി മരുന്നുകളായിരുന്നത് ഇപ്പോൾ 252 മരുന്നുകളാക്കി വർധിപ്പിച്ചിട്ടുണ്ട്. മറ്റ് പല സംസ്ഥാനങ്ങളും കേരള മാതൃകയിൽ ഇതുപോലെ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2025ൽ കൂടുതൽ കൗണ്ടറുകൾ സ്ഥാപിക്കാനാണ് ആരോഗ്യവകുപ്പിന്റെ ശ്രമം.

കാസ്പ് പദ്ധതിയിൽ അംഗമല്ലാത്ത അർഹരായവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ഒരു കുടുംബത്തിന് രണ്ട് ലക്ഷം രൂപയുടെ സൗജന്യ ചികിത്സാസഹായം ലഭ്യമാകുന്നു. വൃക്ക സംബദ്ധമായ അസുഖങ്ങൾക്ക് മൂന്ന്  ലക്ഷം രൂപ വരെ ഈ പദ്ധതിയിലൂടെ ചികത്സാസഹായം ലഭിക്കുന്നു. 18 വയസിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ ആരോഗ്യ കിരണം പദ്ധതി വഴിയും സൗജന്യ ചികിത്സ ഉറപ്പാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 7854 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തി. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**സ്വകാര്യമേഖലയിൽ ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന ചികിത്സകൾ സൗജന്യമായോ മിതമായ നിരക്കിലോ സർക്കാർ മേഖലയിൽ തുടങ്ങാൻ കഴിഞ്ഞു**

സ്വകാര്യമേഖലയിൽ ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന ചികിത്സകൾ സൗജന്യമായോ മിതമായ നിരക്കിലോ സർക്കാർ മേഖലയിൽ തുടങ്ങാൻ കഴിഞ്ഞു. അതിൽ എടുത്തു പറയാവുന്നതാണ് കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയ, മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ, റോബോട്ടിക്സ് ശസ്ത്രക്രിയ തുടങ്ങിയവ. ആദ്യമായി ജില്ലാ ആശുപത്രിതലത്തിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഈ കാലഘട്ടത്തിൽ കേരളത്തിൽ എറണാകുളം ജനറൽ ആശുപത്രിയിൽ ആരംഭിച്ചു.

കേൾവിശേഷി നഷ്ടപ്പെട്ടവർക്കുള്ള ശ്രുതി തരംഗം പദ്ധതി ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് വിജയകരമായി നടപ്പിലാക്കി വരുന്നു. ആശുപത്രികളിൽ എത്താതെ രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചു. അധികദൂരം യാത്ര ചെയ്യാതെ അവരുടെ ജില്ലകളിൽ തന്നെ സൗജന്യ സ്ട്രോക്ക് ചികിത്സ ലഭ്യമാകുന്ന സംവിധാനം 10 ജില്ലകളിൽ യാഥാർഥ്യമാക്കി. ഇങ്ങനെ ധാരാളം വികസന പ്രവർത്തനങ്ങളാണ് ആരോഗ്യമേഖലയിൽ നടന്നുവരുന്നത്.

ആരോഗ്യമേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾക്ക് ഫലമുണ്ടായി. നാഷണൽ സ്റ്റാറ്റിറ്റിക്സ് സർവേ പ്രകാരം പത്ത് വർഷം മുമ്പ് സംസ്ഥാനത്തെ ആരോഗ്യത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചറിനേക്കാൾ ചികിത്സാ ച്ചെലവ് പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വരുന്നതിന് മുമ്പ് 30,000 രൂപ മാത്രമാണ് സൗജന്യ ചികിത്സയ്ക്കായി നൽകിയിരുന്നത്. ഈ സർക്കാരിന്റെ തുടക്കത്തിൽ രണ്ടര ലക്ഷം ക്ലെയിമുകളാണ് സൗജന്യ ചികിത്സയ്ക്ക് ഉണ്ടായിരുന്നത്. ഇപ്പോഴത് ആറേമുക്കാൽ ലക്ഷം കഴിഞ്ഞു. അതായത് 30,000 രൂപയിൽ നിന്നും അഞ്ച് ലക്ഷം രൂപ ഒരു കുടുംബത്തിലെ ഓരോ അംഗത്തിനും ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നു. സൗജന്യചികിത്സയിൽ കേരളം നടത്തിയ ശക്തമായ നിലപാടിന്റേയും പ്രവർത്തനങ്ങളുടേയും ഫലമാണിത്. ■

ഡോ.സുനിൽകുമാർ ബി.എസ്
മെഡിക്കൽ സൂപ്രണ്ട്, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം



വികസനത്തിന്റെയും നേട്ടങ്ങളുടെയും പാതയിലാണ് തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ്. സൗകര്യങ്ങൾ വർധിപ്പിച്ച് ജനഹിതത്തിനൊപ്പം സഞ്ചരിച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിനെ രാജ്യത്തെ മികച്ച ആശുപത്രികളിലൊന്നായി കേന്ദ്ര സർക്കാരും അംഗീകരിച്ചു



# വിശിഷ്ട പദവിയോടെ ദേശീയാംഗീകാരം

കേരളത്തിൽ നിന്നൊരു മെഡിക്കൽ കോളേജ് സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുക്കപ്പെടുന്നത് ചരിത്രത്തിൽ ആദ്യമായാണ്. അത്യാഹിതവിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് - ഐ.സി.എം.ആർ തെരഞ്ഞെടുത്ത രാജ്യത്തെ അഞ്ച് മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് തിരുവനന്തപുരം മെഡിക്കൽ കോളേജും ഉൾപ്പെട്ടത്. ഓരോ വർഷവും രണ്ടു കോടി രൂപ ഇതുവഴി മെഡിക്കൽ കോളേജിന് ലഭിക്കും.

അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയി കേന്ദ്ര സർക്കാർ ഉയർത്തിയതോടെമെഡിക്കൽകോളേജും എസ്.എ.ടി ആശുപത്രിയും സെന്റർ ഓഫ് എക്സലൻസായി മാറുകയാണ്. ദേശീയ മെഡിക്കൽ വിദ്യാഭ്യാസ റാങ്കിങ്ങിൽ തുടർച്ചയായ രണ്ട് വർഷങ്ങളിലായി മെഡിക്കൽ കോളേജ് ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

ആശുപത്രിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. ആരോഗ്യമന്ത്രി വീണാ ജോർജ് ആശുപത്രികൾ സന്ദർശിച്ച് ബുദ്ധിമുട്ടുകൾ മനസ്സിലാക്കി വികസനപദ്ധതികൾ നടപ്പിലാക്കുകയും നിർമ്മാണത്തിലിരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു.

## എമർജൻസി മെഡിസിൻ വിഭാഗം

സ്ഥലപരിമിതിയോടെ, അടിസ്ഥാന സൗകര്യങ്ങളില്ലാതെ പ്രവർത്തിച്ചിരുന്ന പഴയ അത്യാഹിത വിഭാഗം, നൂതന എമർജൻസി മെഡിസിൻ സംവിധാനങ്ങളൊരുക്കി പുതിയ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനമാരംഭിച്ചു. ഒരു പ്രൊഫസറുടെയും 10 അസിസ്റ്റന്റ് പ്രൊഫസർമാരുടെയും തസ്തിക സൃഷ്ടിച്ചു. രോഗത്തിന്റെ തീവ്രതയനുസരിച്ച് ഗ്രീൻ സോൺ, യെല്ലോ സോൺ, റെഡ് സോൺ, ബ്ലാക്ക് സോൺ എന്നിങ്ങനെ ചികിത്സാസംവിധാനം ഒരുക്കി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ്, റിസപ്ഷൻ, കാഷ്വാലിറ്റി സോഷ്യൽ വർക്കറുടെ സേവനം, ട്രയേജ്, എക്സ്റേ, ഇ സി ജി, ലാബ്, അൾട്രാസൗണ്ട് സ്കാൻ, സിറ്റി സ്കാൻ എന്നിവ സജ്ജീകരിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന അഞ്ച് ടേബിൾ ഉള്ള ഓപ്പറേഷൻ തീയറ്റർ, ഏഴ് ബെഡ്ഡുള്ള ഇ.എം.ഐ.സി.യു, മെഡിസിൻ സർജറി, ഓർത്തോ, ഇ.എൻ.ടി, ഒ.എം. എഫ്, പ്രിവന്റീവ് മെഡിസിൻ വിഭാഗങ്ങളും എമർജൻസി വിഭാഗത്തോട് അനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ചെസ്റ്റ്

പെയിൻ ക്ലിനിക്, സ്ട്രോക്ക് ഹോട്ട് ലൈൻ സംവിധാനവും നിലവിൽ പ്രവർത്തിക്കുന്നു. ശരാശരി ഒരു ദിവസം 800 മുതൽ 1000 രോഗികൾ വരെ എമർജൻസി വിഭാഗത്തിൽ മാത്രം ചികിത്സാസേവനം ഉപയോഗിക്കുന്നുണ്ട്. ജനറൽ സർജറി, ഓർത്തോ സർജറി, ന്യൂറോ സർജറി വിഭാഗത്തിലായി ശരാശരി ഒരു ദിവസം 18- 22 സർജറികൾ വരെ എമർജൻസി ഒ.ടി.യിൽ ചെയ്തുവരുന്നു.

## നൂതന ബേൺസ് ഐ.സി.യു

പൊള്ളലേറ്റവർക്ക് അടിയന്തര വിദഗ്ധ ചികിത്സ ഉറപ്പ് വരുത്തി നൂതനസംവിധാനങ്ങളോടുകൂടിയ ബേൺസ് ഐ.സി.യു പ്രവർത്തന സജ്ജമായിട്ടുണ്ട്. എട്ട് ഐ.സി.യു കിടക്കകൾ, വെന്റിലേറ്ററുകൾ, മൾട്ടിപാരാ മോണിറ്റർ, അണുബാധ കുറയ്ക്കുന്നതിനുള്ള ഹെപാ ഫിൽറ്റർ തുടങ്ങിയ സംവിധാനങ്ങളോടെയാണ് ബേൺസ് ഐ.സി.യു. 15 ശതമാനം മുതൽ പൊള്ളലേറ്റ രോഗികൾക്കുള്ള വിദഗ്ധചികിത്സയാണ് ഈ ഐ.സി.യു വിലൂടെ നൽകുന്നത്.

3.46 കോടി രൂപ ചെലവഴിച്ച് സർജറി, പ്ലാസ്റ്റിക് സർജറി വിഭാഗങ്ങളുടെ നേതൃത്വത്തിൽ നൂതന സംവിധാനങ്ങളോടെയുള്ളതാണ് ബേൺസ് ഐ.സി.യു.




മരണപ്പെട്ട ആളിൽ നിന്ന് ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതികവിദ്യയോടെ വച്ചുപിടിപ്പിക്കുന്ന കേരളത്തിലെ ആദ്യ സ്കിൻ ബാങ്കും ഇവിടെ സജ്ജം.

## പുതിയ വകുപ്പുകൾ

കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററും സ്ട്രോക്ക് കാത്ത് ലാബും സ്ട്രോക്ക് ഐ.സി.യു, സി.ടി യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചതോടൊപ്പം റുമറ്റോളജി വിഭാഗത്തിലേക്കും മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലേക്കും ജീറിയാട്രിക് വിഭാഗത്തിലേക്കും ആവശ്യമായ തസ്തികകൾ അനുവദിച്ചു.

## മുഖം മിനുക്കി വാർഡുകൾ

വേൾഡ് ബാങ്ക് സഹായത്തോടുകൂടി കെ.എസ്.ടി.പി പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 7, വാർഡ് 8 എന്നിവ ശീതീകരിക്കുകയും ആധുനിക ഉപകരണങ്ങളോടുകൂടി നവീകരിക്കുകയും വാർഡ് 7-ൽ 50

> മരണപ്പെട്ട ആളിൽ നിന്ന് ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതികവിദ്യയോടെ വച്ചുപിടിപ്പിക്കുന്ന കേരളത്തിലെ ആദ്യ സ്കിൻ ബാങ്കും ഇവിടെ സജ്ജം



ബെഡും വാർഡ് 8 -ൽ 65 ബെഡും സജ്ജീകരിച്ചു.

ഫിസിക്കൽ മെഡിസിൻ വിഭാഗത്തിൽ പ്രത്യേക സൗകര്യങ്ങളോടെയുള്ള ടോയിലറ്റുകളും ഭിന്നശേഷി സൗഹാർദ ടോയിലറ്റുകളും നിർമ്മിച്ചു. ഗവ. പേ വാർഡുകളും വി.ഐ.പി മുറികളും നവീകരിച്ചു. പുതിയ ലേഡീസ് ഹോസ്റ്റൽ തുറന്നു. ജൂനിയർ ഡോക്ടർമാർക്കും വിദ്യാർഥികൾക്കുമുള്ള ഹോസ്റ്റലുകളും നവീകരിച്ചു.

## ഓൺലൈനായി പണമടയ്ക്കാം

കൂടുതൽ രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ക്യാഷ് കൗണ്ടറുകൾ കംപ്യൂട്ടർവൽക്കരിക്കുകയും ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിലാക്കി.

## റീനൽ ആൻഡ് ലിവർ ട്രാൻസ് പ്ലാന്റ്

ചെലവുകുറഞ്ഞ രീതിയിൽ റീനൽ ആൻഡ് ലിവർ ട്രാൻസ്പ്ലാന്റ് നടത്തുന്നു. നെഫ്റോ, യൂറോളജി യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ റീനൽ ട്രാൻസ്പ്ലാന്റും മെഡിക്കൽ ഗ്യാസ്ട്രോ, സർജിക്കൽ ഗ്യാസ്ട്രോ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ലിവർ ട്രാൻസ്പ്ലാന്റ് സർജറിയുമാണ് നടത്തുന്നത്.




## ആധുനിക ചികിത്സാ ഉപകരണങ്ങൾ

ബൈപാസ് സർജറി, ഹൃദയ വാൽവ് മാറ്റിവയ്ക്കൽ തുടങ്ങി ഹൃദയം തുറന്നുള്ള ശസ്ത്രക്രിയകൾക്കെല്ലാം ആവശ്യമായ പുതിയ ഹാർട്ട് ലങ് മെഷീൻ 90 ലക്ഷം രൂപ വിനിയോഗിച്ച് സ്ഥാപിച്ചു. നൂതന കാൻസർ ചികിത്സയ്ക്ക് 18.5 കോടിയുടെ ലീനിയർ ആക്സിലറേറ്റർ മെഷീൻ പ്രവർത്തനസജ്ജമായി. ഹൈ എനർജി ലീനിയർ ആക്സിലറേറ്റർ മെഷീനാണ് സജ്ജമാക്കിയത്. 3 ഡി കംഫോർമൽ റേഡിയോ തെറാപ്പി, ഇന്റൻസിറ്റി മോഡ്യുലേറ്റഡ് റേഡിയോ തെറാപ്പി, ഇമേജ് ഗൈഡഡ് റേഡിയോ തെറാപ്പി, വോളിയോ മെടിക് ആർക്ക് തെറാപ്പി എന്നീ ചികിത്സകളും ഇതിലൂടെ സാധ്യമാണ്. അതീവ സൂക്ഷ്മമായി കാൻസർ കോശങ്ങളിൽ മാത്രം റേഡിയേഷൻ നടത്താൻ ഈ മെഷീനിലൂടെ സാധിക്കും. കാൻസർ





ചികിത്സയ്ക്ക് 3.8 കോടി രൂപയുടെ ടെലി കോബാൾട്ട് മെഷീനും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. 4.4 കോടി രൂപയുടെ സി.ടി സിമുലേറ്റർ പ്രവർത്തനവും ആരംഭിച്ചു.

ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ സ്പെക്റ്റ് സി ടി സ്കാനർ പ്രവർത്തനസജ്ജമായി. കാൻസർ രോഗനിർണ്ണയവും ചികിത്സയും, തൈറോയിഡ്, ഹൃദയം, തലച്ചോർ, കരൾ, വൃക്കകൾ, ശ്വാസകോശം തുടങ്ങിയ വിവിധ അവയവങ്ങളുടെ പ്രവർത്തനം വിലയിരുത്തുതിനും രോഗനിർണ്ണയത്തിനും ചികിത്സാനിരീക്ഷണത്തിനും സാധിക്കും.

> മെഡിക്കൽ കോളേജിൽ എത്തുന്ന ജനങ്ങളുടേയും ജീവനക്കാരുടേയും ദീർഘകാല ആവശ്യമായിരുന്നു ഫ്ളൈ ഓവർ

റേഡിയോ ഡയഗ്നോസ്റ്റിക്സ് വിഭാഗത്തിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, പോർട്ടബിൾ എക്സ്റേ മേഷീൻ, ഡിജിറ്റൽ ഫ്ളൂറോസ്കോപ്പി മെഷീൻ തുടങ്ങിയ നൂതന ഉപകരണങ്ങളും പുതുതായി സ്ഥാപിച്ചു.

ന്യൂറോസർജറി വിഭാഗത്തിന് കരുത്തേകാൻ സംസ്ഥാന സർക്കാർ അനുവദിച്ചത് മൂന്ന് പുത്തൻ ചികിത്സാ ഉപകരണങ്ങളാണ്. ഒരു വർഷം 1250 ന്യൂറോ സർജറികൾ നടക്കുന്ന ഇവിടെ ഡിബ്രൈഡർ, ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, ഇലക്ട്രോ സർജിക്കൽ യൂണിറ്റ് എന്നീ ഉപകരണങ്ങളാണ് വാങ്ങിയത്.

## ക്യാമ്പസ് റോഡ് നവീകരണം

മെഡിക്കൽ കോളേജ് ക്യാമ്പസിലെ റോഡുകൾ തകർന്ന അവസ്ഥയിലായിരുന്നു. 3.7 കോടി രൂപ ചെലവിട്ട് പൊതുമരാമത്ത് വകുപ്പ് ക്യാമ്പസ് റോഡ് നവീകരണം പൂർത്തിയാക്കിയതോടെ യാത്രാക്ലേശം പരിഹരിക്കപ്പെട്ടു. ഇതോടൊപ്പം കൃത്യമായ പാർക്കിങ്ങ് സംവിധാനവും അനധികൃത പാർക്കിങ്ങ് നിയന്ത്രിക്കാൻ വേണ്ട നടപടികളും സ്വീകരിച്ചു.

## മെഡിക്കൽ കോളേജ് ഫ്ളൈ ഓവർ

മെഡിക്കൽ കോളേജിൽ എത്തുന്ന ജനങ്ങളുടേയും ജീവനക്കാരുടേയും ദീർഘകാല ആവശ്യമായിരുന്നു ഇത്. മെഡിക്കൽ കോളേജിലേക്ക് പ്രവേശിക്കാൻ ഒരൊറ്റ വഴി മാത്രമുണ്ടായിരുന്ന സ്ഥിതി മാറി. മെഡിക്കൽ കോളേജ് കുമാരപുരം റോഡിൽ മെൻസ് ഹോസ്റ്റലിനു സമീപത്ത് നിന്നും എസ്.എ.ടി ആശുപത്രിയുടെ സമീപത്ത് എത്തിച്ചേരുന്നതാണ് മേൽപ്പാലം. കുമാരപുരം ഭാഗത്തേക്ക് ക്യാമ്പസിൽ നിന്നും പുതിയൊരു പാത തുറക്കപ്പെട്ടു. ക്യാമ്പസിൽ നിന്ന് വാഹനങ്ങൾക്ക് തിരക്കേറിയ അത്യാഹിത വിഭാഗം പാത ഒഴിവാക്കി സുഗമമായ ഗതാഗതത്തിന് വഴിയൊരുക്കും. ക്യാമ്പസിന് പ്രധാന റോഡുകളുമായി ബന്ധിപ്പിക്കുന്ന മൂന്ന് പാതകൾ തുറക്കപ്പെടുകയാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇൻകെൽ മുഖാന്തരമാണ് പദ്ധതി സാക്ഷാത്കരിച്ചത്. എസ്.എ.ടി ആശുപത്രി, ശ്രീ ചിത്ര, ആർ.സി.സി മെഡിക്കൽ കോളേജ് ബ്ലോക്ക്, പ്രിൻസിപ്പൽ ഓഫീസ്, സി.ഡി.സി, പി.ഐ.പി. എം.എസ്, ഹോസ്റ്റൽ എന്നിവിടങ്ങളിൽ തിരക്കിൽപ്പെടാതെ എത്താനാകും.

## മാറ്റങ്ങളുടെ കാലം

ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും മിക്കവയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്ത മെഡിക്കൽ കോളേജിനെ തേടി അംഗീകാരങ്ങളെത്തുന്നത് സന്തോഷകരമാണ്. സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകാനും മെഡിക്കൽ രംഗത്ത് മാതൃകാപരമായ പഠനം സാധ്യമാക്കാനും ഇതുവഴി കഴിയുന്നുണ്ട്. ■

ഡോ. ടി കെ ജയകുമാർ
സൂപ്രണ്ട്, കോട്ടയം മെഡിക്കൽ കോളജ്



കുതിപ്പിന്റെ കഥയാണ് കോട്ടയം മെഡിക്കൽ കോളേജിന്റേത്. സർക്കാർ ആശുപത്രികളിൽ ആദ്യമായി പല ചികിത്സകളും ശസ്ത്രക്രിയകളും ഏറ്റെടുത്തത് കോട്ടയം മെഡിക്കൽ കോളേജാണ്. വൃക്ക, കരൾ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ സർക്കാർ മേഖലയിൽ ഏറ്റവും മുമ്പിലാണ് കോട്ടയം മെഡിക്കൽ കോളജ്. ഇന്ത്യയിൽത്തന്നെ ആദ്യമായി സർക്കാർ മേഖലയിൽ ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തിയതിന്റെ ഖ്യാതിയും കോട്ടയം മെഡിക്കൽ കോളേജിനാണ്. മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയും ആരംഭിക്കാനിരിക്കുന്നു.

## ചരിത്രം

1962 ഡിസംബർ മൂന്നിനാണ് കോട്ടയം മെഡിക്കൽ കോളേജ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. വജ്രജൂബിലിയും പിന്നിട്ട് പുരോഗതിയുടെ കുതിപ്പിലാണ് നിലവിൽ ഈ സ്ഥാപനം. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളജുകൾക്ക് പിന്നാലെ കേരളത്തിലെ മൂന്നാമത്തെ മെഡിക്കൽ കോളേജായി നിലവിൽ വന്ന ഈ സ്ഥാപനം ഇന്ന് രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിലൊന്നായി തല ഉയർത്തി നിൽക്കുന്നു എന്നത് അഭിമാനകരമാണ്.

## വർത്തമാനം

ആർപ്പൂക്കര, അതിരമ്പുഴ പഞ്ചായത്തുകളും കോട്ടയം നഗരസഭയും അതിരിടുന്ന 270 ഏക്കർ വിസ്തീർണ്ണം വരുന്ന ക്യാമ്പസ് ആണ് മെഡിക്കൽ കോളേജിനുള്ളത്. ക്യാമ്പസിനുള്ളിൽ തന്നെയുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് (ഐ.സി.എച്ച്) ഏറ്റുമാനൂരുള്ള അർബൻ ഹെൽത്ത് ട്രെയിനിങ് സെന്റർ എന്നിവയും ആശുപത്രിയുടെ ഭാഗമാണ്. അടിസ്ഥാന വിഷയങ്ങൾ, ക്ലിനിക്കൽ സ്പെഷ്യൽറ്റി, ക്ലിനിക്കൽ സൂപ്പർ സ്പെഷ്യൽറ്റി എന്നിവയിലായി 40 ഡിപ്പാർട്ട്മെന്റുകളാണ്

# കോട്ടയത്തിനിത് കുതിപ്പിന്റെ കഥ







> 200 കോടി രൂപ മുതൽമുടക്കിൽ സർജിക്കൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്തത് ഈ വർഷമാണ്

ഇവിടെ പ്രവർത്തിക്കുന്നത്. ഇതുകൂടാതെ ഡിപ്പാർട്ട്മെന്റുകളുടെ കീഴിൽ പ്രത്യേകം ക്ലിനിക്കുകളും യൂണിറ്റുകളും പ്രവർത്തിക്കുന്നു. 2200 കിടക്കയിലധികമുള്ള ആശുപത്രിയിൽ ദിവസേന 3500ൽ അധികം രോഗികൾ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ എത്തുന്നുണ്ട്. മെഡിസിൻ, സർജറി, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളിലെ മികച്ച സേവനങ്ങളും സൂപ്പർ സ്പെഷ്യാൽറ്റി വിഭാഗങ്ങളിലെ അതിവിദഗ്ധ സേവനങ്ങളും കേരളത്തിലെ മറ്റു ജില്ലകളിൽനിന്നുപോലും രോഗികളെ കോട്ടയം മെഡിക്കൽ കോളേജിലേക്ക് ആകർഷിക്കുന്നു.

പ്രതിവർഷം 175 എം.ബി.ബി.എസ് വിദ്യാർഥികൾക്കും 150 ബിരുദാനന്തര വിദ്യാർഥികൾക്കും ഉയർന്ന നിലവാരത്തിലുള്ള പരിശീലനം നല്കുന്ന അക്കാദമിക് സ്ഥാപനമായി കോട്ടയം മെഡിക്കൽ കോളേജ് മാറി. കേരള ആരോഗ്യ സർവകലാശാലയിൽ അക്രഡിറ്റേഷൻ ഉള്ള ഏക സർക്കാർ മെഡിക്കൽ കോളേജും കോട്ടയമാണ്. ഗവ.ഡെന്റൽ കോളേജ്, ഗവ.നഴ്സിങ്ങ് കോളേജ് എന്നീ അനുബന്ധ സ്ഥാപനങ്ങളും മികവിന്റെ പര്യായങ്ങളാണ്. അധ്യാപക പരിശീലനത്തിനുള്ള നോഡൽ സെന്ററായി ദേശീയ മെഡിക്കൽ കമ്മിഷൻ ഈ സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത് എന്നത് ഈ മികവിനുള്ള അംഗീകാരമാണ്.

രാജ്യത്തും വിദേശത്തും തൊഴിൽ സാധ്യതകൾ ഏറെയുള്ള ഫാർമസി, പാരാമെഡിക്കൽ കോഴ്സുകളും ഈ സ്ഥാപനത്തിൽ നടന്നുവരുന്നു. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ഫാമിലി അഡോപ്ഷൻ പ്രോഗ്രാം, മാനസികാരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള ലഹരി ആസക്തി ചികിത്സാ കേന്ദ്രം, കാൻസർ രോഗചികിത്സാവിഭാഗത്തിന്റെ നേതൃത്വത്തിലുള്ള പാലിയേറ്റീവ് കെയർ, ശിശുരോഗ ചികിത്സാവിഭാഗത്തിന്റെ കീഴിലുള്ള റീജണൽ ഏർലി ഇന്റർവെൻഷൻ കേന്ദ്രം, പ്ലാസ്റ്റിക് സർജറിയുടെ കീഴിലുള്ള ബേൺസ് യൂണിറ്റ്, ഗൈനക്കോളജി വിഭാഗത്തിന്റെ കീഴിലുള്ള വന്ധ്യതാനിവാരണ ക്ലിനിക്ക്, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ സഹകരണത്തോടെ നടത്തുന്ന ട്രാൻസ്ജെൻഡർ ക്ലിനിക് എന്നിവ കോട്ടയം മെഡിക്കൽ കോളേജിന്റെ സവിശേഷതകളാണ്.

## പ്രതീക്ഷ

200 കോടി രൂപ മുതൽമുടക്കിൽ സർജിക്കൽ ബ്ലോക്ക് ഉദ്ഘാടനം ചെയ്തത് ഈ വർഷമാണ്. 500 കോടി രൂപയുടെ മുകളിൽ മുതൽമുടക്കിൽ പണിത സൂപ്പർ സ്പെഷ്യാൽറ്റി ബ്ലോക്ക്, 80 കോടിയുടെ കാർഡിയോളജി ബ്ലോക്ക് എന്നിവയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസ്, ഓഡിറ്റോറിയം കോംപ്ലക്സ് എന്നിവയും ഉടൻ നിർമ്മാണം ആരംഭിക്കും.

കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി, പൂർവ വിദ്യാർഥി സംഘടന എന്നിവ ചെയ്യുന്ന സേവനങ്ങൾ മാതൃകാപരമാണ്. മെഡിക്കൽ പരിശീലനത്തിൽ മികവ്, ചികിത്സാ സേവനത്തിൽ വൈദഗ്ധ്യം, രോഗികളോടുള്ള പെരുമാറ്റത്തിൽ സൗഹൃദഭാവം എന്നിവയാണ് കോട്ടയം മെഡിക്കൽ കോളേജിന്റെ ദൗത്യവും കാഴ്ചപ്പാടും. വിവിധ ദുരന്തങ്ങൾ ഉണ്ടായപ്പോഴും കോവിഡ് മഹാമാരിയെ നേരിട്ടപ്പോഴും കോട്ടയം മെഡിക്കൽ കോളേജ് കാഴ്ചവെച്ച മാതൃകാപരമായ പ്രവർത്തനങ്ങൾ ലോകാരോഗ്യരംഗത്തിനുതന്നെ മാതൃകയാണ്. ■

ഡോ. ആർ ഷാഹിർഷാ
സൂപ്രണ്ട്, എറണാകുളം ജനറൽ ആശുപത്രി



ഇന്ത്യയിൽ ആദ്യമായി ജില്ലാതല സർക്കാർ ആശുപത്രി വിഭാഗത്തിൽ, ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത് എറണാകുളം ജനറൽ ആശുപത്രിയാണ്. പുതുവർഷത്തിൽ സങ്കീർണമായ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലും വിജയം കാണാൻ ഒരുങ്ങുകയാണ്.




# എറണാകുളം ജനറൽ ആശുപത്രി

# അത്യാധുനിക ചികിത്സ സാധാരണക്കാർക്കും

പരാധീനതകളുടെ കഥയല്ല എറണാകുളം ജനറൽ ആശുപത്രിക്ക് പറയാനുള്ളത്. ഉള്ള സൗകര്യങ്ങളെ ഏറ്റവും ഫലപ്രദമായി വിനിയോഗിച്ച് ഏറ്റവും നല്ല സേവനം ഏറ്റവും കൂടുതൽ ജനങ്ങൾക്ക് പകർന്ന വിജയഗാഥയാണ്. സങ്കീർണമായ ചികിത്സകൾ ഏറ്റെടുക്കാൻ മടിയില്ലാത്ത, സന്നദ്ധരായ ഒരു കൂട്ടം ആരോഗ്യപ്രവർത്തകരുടെ ആത്മാർഥതയുടെ വിജയമാണ് എറണാകുളം ജനറൽ ആശുപത്രിയുടേത്.

ഇന്ത്യയിൽ ആദ്യമായി ജില്ലാതല സർക്കാർ ആശുപത്രി വിഭാഗത്തിൽ, ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത് എറണാകുളം ജനറൽ ആശുപത്രിയാണ്. രാജ്യത്ത് മെഡിക്കൽ കോളേജുകളിൽ മാത്രമുള്ള ഹൃദയ ശസ്ത്രക്രിയ സൗകര്യമാണ് ജനറൽ ആശുപത്രി യാഥാർഥ്യമാക്കിയത്. ഇതിലൂടെ സാധാരണക്കാർക്കും അത്യാധുനിക ചികിത്സ ലഭ്യമാകുകയാണ്.

2023 ൽ ഇന്ത്യയിലെ ജില്ലാ/ ജനറൽ ആശുപത്രി വിഭാഗത്തിൽ ആരോഗ്യവകുപ്പിന് കീഴിൽ ആദ്യമായി അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയതും ഇവിടെയാണ്.

കേരളത്തിലെ സർക്കാർ മേഖലയിലെ ആകെ ആശുപത്രികളിൽ ഈ ശസ്ത്രക്രിയ നടത്തുന്ന അഞ്ചാമത്തെ സ്ഥാപനവുമാണ്. ആ അവസരത്തിൽ ആശുപത്രി സന്ദർശിച്ച വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജിന് മുന്നിൽ ആശുപത്രി സൂപ്രണ്ട് ഡോ. ഷാഹിർഷാ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്ന ആശയം മുന്നോട്ട് വച്ചു. ആ ആശയം മന്ത്രി പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ എന്ന വിജയകരമായ നേട്ടം കൈവരിച്ച ശക്തമായ കാർഡിയോ തൊറാസിക് വാസ്കുലർ സർജറി ഡിപ്പാർട്മെന്റിലെ









സംഘം ആണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്ന മഹദ്ദൗത്യത്തിനു തയ്യാറാവുന്നത്. നാളിതുവരെ മെഡിക്കൽ കോളേജുകളിൽ മാത്രം നടന്നിരുന്ന ഈ സങ്കീർണമായ ശസ്ത്രക്രിയ, ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യയിലെ ജില്ലാ/ജനറൽ ആശുപത്രി വിഭാഗത്തിൽ പെട്ട എറണാകുളം ജനറൽ ആശുപത്രിയിൽ നടക്കുന്നത്.

2021ലാണ് കിഫ്ബി ഫണ്ടിൽ നിന്ന് 76 കോടിരൂപ ചെലവഴിച്ച് സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക് നിർമ്മിച്ചത്. ഈ ബ്ലോക്കിൽ സജ്ജീകരിച്ചിരിക്കുന്ന അത്യാധുനിക ഓപ്പറേഷൻ തിയേറ്റർ കോംപ്ലെക്സിലാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുവാൻ സജ്ജമാക്കിയിരിക്കുന്നത്. ഈ പുതുവർഷത്തിൽ ആരോഗ്യവകുപ്പിന് മറ്റൊരു പൊൻതൂവലായി മാറുവാൻ എറണാകുളം ജനറൽ ആശുപത്രി ഒരുങ്ങുകയാണ്.

## നിരവധി ദേശീയ പുരസ്കാരങ്ങൾ

1845 ൽ സ്ഥാപിതമായ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും വലുതും എറണാകുളം ജില്ലയിലെ ഏറ്റവും പുരാതനവുമായ സർക്കാർ ആശുപത്രിയാണ് എറണാകുളം ജനറൽ ആശുപത്രി. ആശുപത്രിയിൽ പ്രതിദിനം 3000 ത്തോളം രോഗികൾ വന്നുപോകുന്നു. 783 കിടത്തിച്ചികിത്സക്കുള്ള സൗകര്യമാണ് ഇവിടുള്ളത്. കേരളത്തിൽ NABH NQAS അക്രെഡിറ്റേഷൻ ലഭിച്ച ആദ്യത്തെ സർക്കാർ ആശുപത്രിയാണ് ഇത്. കാർഡിയോ വാസ്കുലാർ തൊറാസിക് സർജറി, യൂറോളജി, നെഫ്രോളജി, പീഡിയാട്രിക് സർജറി, എൻഡോക്രൈനോളജി, കാർഡിയോളജി മുതലായ സൂപ്പർ സ്പെഷ്യലിറ്റികളോട്ടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് 2016, 2019, 2021 കാലയളവിൽ കായകൽപ്, 2017ലും 2021ലും NQAS, 2019 ൽ ലക്ഷ്യ, 2021ൽ മദർ ആൻഡ് ബേബി ഫ്രണ്ട്ലി ഹോസ്പിറ്റൽ സർട്ടിഫിക്കേഷൻ, 2024ൽ മലിനീകരണ നിയന്ത്രണ ബോർഡ് അവാർഡ് എന്നീ ദേശീയതല പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കാർഡിയോളജി, ജനറൽ സർജറി, ജനറൽ മെഡിസിൻ വിഭാഗങ്ങളിൽ രണ്ടു വീതം സീറ്റുകളിൽ DNB കോഴ്സിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്. 587 സ്ഥിരം ജീവനക്കാരും 497 HDs ജീവനക്കാരും 64 NHM ജീവനക്കാരും

> **എറണാകുളം ജനറൽ ആശുപത്രിയ്ക്ക് 2016 മുതൽ അനവധി ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്**

ഈ ആശുപത്രിയിലുണ്ട്. പ്രതിമാസം 400-ൽ പരം സർജറികൾ, 250ൽ പരം പ്രസവങ്ങൾ എന്നിവയും നടക്കുന്നു. കൂടാതെ കാർഡിയാക് തൊറാസിക് സർജറി നടക്കുന്ന പൊതുമേഖലയിലുള്ള ഇന്ത്യയിലെ തന്നെ ഏക ജനറൽ ആശുപത്രിയാണ് ഇത്. സംസ്ഥാനത്തെ ഏറ്റവും മികച്ചതും പുരാതനവുമായ ആതുരാലയങ്ങളിൽ ഒന്നായ എറണാകുളം ജനറൽ ആശുപത്രി വികസനത്തിന്റെ കൂടുതൽ പടവുകൾ കയറുകയാണ്. ■

ഡോ. എം രാധിക
അഡീഷണൽ പ്രൊഫസർ ഇൻ ജനറൽ മെഡിസിൻ,
ഗവ.മെഡിക്കൽ കോളേജ്, തൃശൂർ



തൃശൂർ ഗവ. മെഡിക്കൽ കോളേജ് വികസനക്കുതിപ്പിലേറിയ കാലമാണിത്. അടിസ്ഥാന സൗകര്യ വികസനം മുതൽ ആധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കൽ വരെ നിരവധിയായ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇവിടെ നടന്നു. മുലപ്പാൽ സൂക്ഷിക്കാനുള്ള ലാക്റ്റേഷൻ മാനേജ്മെന്റ് സെന്ററും തീപ്പൊള്ളൽ പരിചരണ യൂണിറ്റുമെല്ലാം ആരംഭിക്കാനായത് വലിയ നേട്ടങ്ങളാണ്.

# തൃശൂർ ഗവ. മെഡിക്കൽ കോളേജ്
# പൂരത്തോളം പെരുമ




സങ്കീർണ്ണ ശസ്ത്രക്രിയകൾ വിജയകരമായി നടത്തിയതിന്റെ ഖ്യാതിയുള്ള സർക്കാർ മെഡിക്കൽ കോളേജാണ് തൃശ്ശൂരിലേത്. ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത് അടുത്തിടെയാണ്. കേരളത്തിൽ ചുരുക്കം ചില ആശുപത്രികളിൽ മാത്രമാണ് ഈ ചികിത്സ ലഭ്യമായിട്ടുള്ളത്. ജനറൽ മെഡിസിൻ, പീഡിയാട്രിക് ഓങ്കോളജി തുടങ്ങി പല ചികിത്സാവിഭാഗങ്ങളിലും സങ്കീർണ്ണ ശസ്ത്രക്രിയകൾ വിജയകരമാക്കിയതിന്റെ പെരുമയുണ്ട്.

15 രോഗികൾക്ക് ഒരേ സമയം ആധുനിക ചികിത്സ നൽകാൻ കഴിയുന്ന നവീകരിച്ച പൊള്ളൽ ചികിത്സാവിഭാഗത്തിന്റെ പ്രവർത്തനം അടുത്തിടെയാണ് ഇവിടെ ആരംഭിച്ചത്. തീവ്രപരിചരണവിഭാഗം, വാർഡുകൾ, ഓപ്പറേഷൻ തീയേറ്റർ എന്നിവ ഉൾപ്പെടുന്ന ഇവിടെ രോഗികൾക്ക് അണുബാധ ഉണ്ടാകാനുള്ള സാധ്യത പരമാവധി കുറയ്ക്കുന്നതിന് ആധുനിക ശീതീകരണ സംവിധാനവുമുണ്ട്. 24 മണിക്കൂറും പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം ലഭ്യമാണ്.

കാൻസർ രോഗികൾക്ക് ശസ്ത്രക്രിയ ചെയ്യുന്നതിനും സർജിക്കൽ ഓങ്കോളജിസ്റ്റിനെ കാണുന്നതിനുമൊപ്പം റേഡിയേഷൻ, സർജറി, കീമോതെറാപ്പി

എന്നിവയും ഒരേ സ്ഥലത്ത് സാധ്യമാകുന്ന രീതിയിൽ സർജിക്കൽ ഓങ്കോളജി ഒ.പിയും ഒ.ടിയും നിർമിച്ചു. അതുപോലെ, പുതിയ ട്രയാജ് സംവിധാനം വന്നതോടെ എല്ലാ പ്രധാന മെഡിക്കൽ വിഭാഗങ്ങളിലെയും ഡോക്ടർമാർ ഒരു ടീമായി അത്യാസന്ന നിലയിലുള്ള രോഗികളെ പരിചരിക്കുന്നതിന് സൗകര്യമൊരുങ്ങി. ലാബ്, എക്സ്റേ, സി.ടി സ്കാൻ തുടങ്ങി എല്ലാ കാര്യങ്ങളും ഒരു കുടക്കീഴിലായി.

തൃശ്ശൂർ ജില്ലയിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആദ്യ എംആർഐ സ്കാൻ മെഷീൻ സ്ഥാപിക്കാനായി. ആർ.എസ്.ബി.വൈ യിൽ നിന്ന് 6.90കോടി രൂപ ചെലവിട്ടാണ് 1.5 ടെസ്ല എം.ആർ.ഐ സ്കാൻ സ്ഥാപിച്ചത്. കുറഞ്ഞ സമയത്തിനുള്ളിൽ മികച്ച നിലവാരമുള്ള എക്സ്-റേ ചിത്രങ്ങൾ നൽകുന്ന ഡിജിറ്റൽ റേഡിയോഗ്രാഫി മെഷീനും പുതുതായി സ്ഥാപിച്ചു. അപകടത്തിൽപ്പെട്ടുവരുന്ന രോഗികളുടെ ചികിത്സാസൗകര്യം  പുതിയ ട്രോമ കെട്ടിടത്തിൽ സ്ഥാപിച്ച ഈ ഉപകരണം മെച്ചപ്പെടുത്തുകയും എക്സ്-റേ ഫിലിമുകളുടെ ഉപയോഗം കുറയ്ക്കുകയും ചെയ്യും. ആന്തരികാവയവങ്ങളുടെ പ്രത്യേക

എക്സ്റേ എടുക്കുന്നതിനുള്ള ഉപകരണമായ  ഡിജിറ്റൽ ഫ്ലൂറോസ്കോപ്പിയും പുതുതായി സ്ഥാപിച്ചു.

ഫോണിൽ ലഭിക്കുന്നതിനുള്ള സൗകര്യം, രോഗിയുടെ പെർമനന്റ് ഹെൽത്ത് റെക്കോർഡ് ആശുപത്രിയിൽ ഉണ്ടാകുന്നതു മൂലം രോഗിയുടെ എല്ലാ വിവരങ്ങളും പെട്ടെന്ന് ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഇ-ഹെൽത്ത് പദ്ധതിയിലൂടെ സാധ്യമാക്കി. ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവനങ്ങളും രക്ഷിതാക്കൾ, കെയർ ടേക്കർമാർ, ഫാക്കൽറ്റികൾ തുടങ്ങിയവർക്കുള്ള പരിശീലന പരിപാടികളും ആർ.ബി.എസ്.കെ ട്രെയിനിങ് സെന്റർ വഴി നൽകുന്നു.

ബ്ലഡ് ബാങ്കിന്റെ സ്ഥലസൗകര്യം വർധിപ്പിക്കുകയും ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനത്തിന് ഉതകുംവിധം ഇലക്ട്രിക്കൽ ഇൻഫ്രാസ്ട്രക്ചർ തയാറാക്കുകയും ചെയ്തു. നെഞ്ച് രോഗാശുപത്രിയിൽ നിന്നും പുതിയ ആശുപത്രിയിലേക്കുള്ള റോഡ് കോൺക്രീറ്റ് കട്ടകൾ ഉപയോഗിച്ച് പൂർണ്ണമായും ഗതാഗതയോഗ്യമാക്കിയതോടെ രണ്ട് ആശുപത്രികൾക്കും ഇടയിലുള്ള വാഹനസഞ്ചാരം സുഗമമായി.

മെഡിക്കൽ കോളേജ് അക്കാദമിക് ബ്ലോക്കിന്റെ മുകളിൽ സ്ഥാപിച്ച 150 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്റ്റഡ് സോളാർ പ്ലാന്റ് വഴി ഈ കെട്ടിടത്തിലേക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ



> മുലപ്പാൽ സംഭരിച്ച് ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും വിതരണം ചെയുന്നതിനുമുള്ള കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ സംവിധാനം നടപ്പാക്കി

## അമ്മയ്ക്കും കുഞ്ഞിനും കൂടുതൽ കരുതൽ

മുലപ്പാൽ ഇല്ലാത്ത അമ്മമാരുടെ കുട്ടികൾക്കായി മുലപ്പാൽ സംഭരിച്ച് ശാസ്ത്രീയമായി സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള കോംപ്രിഹെൻസീവ് ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ സംവിധാനം നടപ്പാക്കാനായത്  വലിയ നേട്ടമാണ്. കുട്ടികളുടെ ഐസിയു സ്ഥാപിച്ചു. അമ്മയും കുഞ്ഞും ആശുപത്രിയുടെയും സൂപ്പർ സ്പെഷാലിറ്റി ബ്ലോക്കിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഓൺലൈൻ ഒ.പി ടിക്കറ്റ് ബുക്കിങ്ങ്, ലാബ് ഫലങ്ങൾ മൊബൈൽ




വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്. വളരെ പഴക്കം ചെന്ന ലോൺട്രി മെഷീനുകൾ ഒഴിവാക്കി പുതിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചതോടെ ആശുപത്രിയിലെ ബെഡ് ഷീറ്റ് മുതലായ തുണികൾ കൂടുതൽ വൃത്തിയിൽ അലക്കാനാവുന്നു. 25 ലക്ഷം രൂപ ചെലവിൽ ഐ.സി.യു സൗകര്യങ്ങളോടു കൂടിയ ആംബുലൻസ് വാങ്ങിച്ചു. നാല്  കോടി രൂപ ചെലവിൽ വിവിധ ഉപകരണങ്ങൾ രോഗീപരിചരണത്തിനും രോഗനിർണ്ണയത്തിനും മറ്റുമായി മെഡിക്കൽ കോളേജിലേക്ക് വാങ്ങിയിട്ടുണ്ട്. 1.10 കോടി രൂപയുടെ ക്യാംപസ് സി.സി.ടി.വി സിസ്റ്റം, പുതിയ പിജി ഹോസ്റ്റൽ, ലിക്വിഡ് ഓക്സിജൻ പ്ലാൻറ് എന്നിവയും എടുത്തുപറയേണ്ടതാണ്. ■

ഡോ. പി കെ ജമീല
ആസൂത്രണ ബോർഡ് അംഗം



പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രത്യേകശ്രദ്ധ നൽകി, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും അഭിസംബോധന ചെയ്യുന്ന, നൂറുശതമാനം ജനസൗഹൃദമാതൃകയാണ് കേരളത്തിന്റെ പ്രാഥമികാരോഗ്യ പരിപാലനസംവിധാനം



# തുടരുന്ന ജനസൗഹൃദമാതൃക

1978ൽ കസാഖിസ്ഥാനിൽ നടന്ന അൽമ-അറ്റ അന്താരാഷ്ട്ര സമ്മേളനം പ്രാഥമികാരോഗ്യ സംരക്ഷണത്തെ നിർവചിച്ചത് 'പൊതുജനങ്ങളുടെ പൂർണ്ണപങ്കാളിത്തത്തിലും താങ്ങാവുന്ന ചെലവിലും സാർവത്രികമായി ലഭ്യമായതും പൊതുവിൽ സ്വീകാര്യമായതുമായ അവശ്യ ആരോഗ്യസേവനം' എന്നാണ്. 'നല്ല ആരോഗ്യവും ക്ഷേമവും' എന്നത് സുസ്ഥിരവികസനം 2030ന്റെ ലക്ഷ്യങ്ങളിലൊന്നാണ്. പ്രാഥമികാരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള രണ്ടാമത്തെ ആഗോള സമ്മേളനം 2018 ഒക്ടോബറിൽ കസാഖിസ്ഥാനിലെ അസ്താനയിലായിരുന്നു. നല്ല ആരോഗ്യം, സാമൂഹികവും സാമ്പത്തികവുമായ വികസനം, ആഗോള സുരക്ഷ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രാഥമിക ആരോഗ്യപരിരക്ഷയുടെ നിർണായക പങ്ക് ഈ സമ്മേളനം വീണ്ടും അംഗീകരിച്ചു.

ആരോഗ്യം മനുഷ്യന്റെ മൗലികാവകാശമാണ്. ഉയർന്ന ആരോഗ്യനിലവാരം എല്ലാവർക്കും പ്രാപ്യമാകണം. രോഗപ്രതിരോധം, അഭിവൃദ്ധി, രോഗശാന്തി, പുനരധിവാസം, സാന്ത്വനപരിചരണം എന്നിവ ഉൾപ്പെടുന്ന സമഗ്രമായ പ്രാഥമിക പരിചരണത്തിലൂടെ ജീവിതത്തിലുടനീളം എല്ലാ പൗരന്മാരുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റാൻ നമ്മുടെ സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ആരോഗ്യസൂചകങ്ങൾ ഏറ്റവും മികച്ചതാണ്. പലപ്പോഴും വികസിത രാജ്യങ്ങളുമായിപ്പോലും താരതമ്യം ചെയ്യാവുന്നത്ര മെച്ചപ്പെട്ടത്. ആരോഗ്യ കേന്ദ്രങ്ങൾ ജനസൗഹൃദപരമായി പരിവർത്തനം ചെയ്യുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക, പരിചരണത്തിന്റെ ഗുണനിലവാരം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളുമായി ആർദ്രം മിഷൻ പ്രവർത്തനമാരംഭിച്ചതോടെ സംസ്ഥാനം ആരോഗ്യമേഖലയിൽ അതുല്യമായ നേട്ടം കൈവരിക്കുകയും രാജ്യത്തിനാകെ മാതൃകയാവുകയും ചെയ്തു.

## ശക്തമായ പ്രാഥമികശുശ്രൂഷാ സംവിധാനം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ പ്രാഥമികശുശ്രൂഷ എന്ന ആശയം ഗ്രാമപ്ര



ദേശങ്ങളിൽ ആരംഭിച്ചു. 1956-ൽ കേരളം രൂപീകൃതമാവുകയും ആരോഗ്യവകുപ്പ് സ്ഥാപിതമാവുകയും ചെയ്തതോടെ പൊതുജനാരോഗ്യം ശക്തിപ്രാപിച്ചു. ശക്തമായ പ്രാഥമികശുശ്രൂഷാ സംവിധാനത്തിലൂടെ ആരോഗ്യസേവനങ്ങൾ ശക്തിപ്പെട്ടു. .

സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ മേഖലയിൽ 226 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (സിഎച്ച്സികൾ) ഉൾപ്പെടുന്നു. 152 ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (ബ്ലോക്ക് സിഎച്ച്സികൾ), 849 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പിഎച്ച്സികൾ), 5415 ഉപകേന്ദ്രങ്ങൾ എന്നിവയുണ്ട്. ഓരോ സിഎച്ച്സിയും ഏകദേശം ഒരു ലക്ഷം പേർക്ക് സേവനം നൽകുന്നു. അതിന് കീഴിൽ വരുന്ന പിഎച്ച്സികളിൽ 25000-30000 പേർ സേവനം തേടുന്നു. ഓരോ പിഎച്ച്സിക്കു കീഴിലും 5000 പേർക്ക് സേവനം നൽകുന്ന ഉപകേന്ദ്രങ്ങളുണ്ട്.

ആർദ്രം മിഷൻ ആരംഭിച്ചതുമുതൽ, 688 പിഎച്ച്സികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായും (എഫ്എച്ച്സി) 67 ബ്ലോക്ക് സിഎച്ച്സികൾ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും (ബ്ലോക്ക് എഫ്എച്ച്സികൾ) എല്ലാ ഉപകേന്ദ്രങ്ങളും ജനകീയ ആരോഗ്യകേന്ദ്രങ്ങളായും രൂപാന്തരപ്പെടുത്തി. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് പ്രാഥമിക പരിചരണ സേവനങ്ങൾ എത്തിക്കുന്നതിന് ദേശീയ ആരോഗ്യദൗത്യത്തിന് കീഴിൽ അർബൻ പിഎച്ച്സികളുമുണ്ട്.

## പ്രാഥമികാരോഗ്യരംഗത്തെ വെല്ലുവിളികൾ

ആരോഗ്യമേഖലയിലെയും പ്രാഥമികശുശ്രൂഷയിലെയും പ്രധാന വെല്ലുവിളി സാംക്രമികേതര രോഗങ്ങളുടെയും (NCD) ജീവിതശൈലി രോഗങ്ങളുടെയും വർധനയാണ്. രക്തസമ്മർദം, പ്രമേഹം, ഹൃദയ സംബന്ധമായ രോഗങ്ങൾ, അർബുദം, ശ്വാസകോശ രോഗങ്ങൾ എന്നിവ വർധിക്കുന്ന പ്രവണതയുണ്ട്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസസ് 2016-17ൽ നടത്തിയ പഠനത്തിൽ നമ്മുടെ സംസ്ഥാനത്ത് മൂന്നിൽ ഒരാൾക്ക് രക്താതിമർദവും അഞ്ചിൽ ഒരാൾക്ക് പ്രമേഹവും ഉണ്ടെന്ന് വ്യക്തമാക്കുന്നു. സംസ്ഥാനത്ത് പുകയിലയുടെ ഉപയോഗം കുത്തനെ കുറഞ്ഞിട്ടുണ്ടെങ്കിലും മദ്യത്തോടുള്ള ആഭിമുഖ്യം വർധിക്കുകയും മദ്യത്തിന്റെ ആദ്യ ഉപയോഗത്തിന്റെ പ്രായം കുറയുകയും ചെയ്തു.

അനാരോഗ്യകരമായ ഭക്ഷണരീതികൾ, പ്രായ-സാമ്പത്തിക ഭേദമെന്യേ എല്ലാ വിഭാഗങ്ങളിലുമുള്ള വ്യായാമത്തിന്റെ അഭാവം, പ്രായാധിക്യമുള്ള ജനസംഖ്യ എന്നിവ ജീവിതശൈലി രോഗങ്ങളുടെ വർധനവിന് കാരണമാണ്. 30 നും 70 നും ഇടയിൽ പ്രായമുള്ളവരിലെ മൊത്തം മരണങ്ങളിൽ 52% സാംക്രമികമല്ലാത്ത രോഗങ്ങൾ മൂലമാണെന്ന് കണക്കാക്കപ്പെടുന്നു. അഖിലേന്ത്യാ ശരാശരിയെക്കാൾ മാനസികരോഗങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും കേരളത്തിലാണ്. വർധിച്ചുവരുന്ന ആത്മഹത്യകളും മദ്യപാനവും ആശങ്കാജനകമാണ്. 2019-2021 കാലയളവിൽ നടത്തിയ ദേശീയ കുടുംബാരോഗ്യ സർവേ-5 (NFHS - 5) പ്രകാരം, NFHS - 5 (2015-16) നെ അപേക്ഷിച്ച് സ്ത്രീകളിലും കുട്ടികളിലുമുള്ള വിളർച്ചയുടെ തോതിൽ വർധനവുണ്ടായിട്ടുണ്ട്.

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിൽ സംസ്ഥാനം വിജയിച്ചിട്ടുണ്ടെങ്കിലും, അടുത്ത കാലത്തായി ഉയർന്നുവന്ന ചില പകർച്ചവ്യാധികൾ ഗുരുതരമായ സാഹചര്യങ്ങൾക്കും മരണത്തിനും ഇടയാക്കിയിട്ടുണ്ട്. ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗ

> **ആരോഗ്യമേഖലയിലെയും പ്രാഥമികശുശ്രൂഷയിലെയും പ്രധാന വെല്ലുവിളി സാംക്രമികേതര രോഗങ്ങളുടെയും (NCD) ജീവിതശൈലി രോഗങ്ങളുടെയും വർധനയാണ്**

ങ്ങൾ, വായുവിലൂടെ പകരുന്ന രോഗങ്ങൾ എന്നിവ എല്ലാ ജില്ലകളിലും റിപ്പോർട്ട് ചെയ്യുന്നു. ഡെങ്കിപ്പനി, എലിപ്പനി, എച്ച്1എൻ1, ഹെപ്പറ്റൈറ്റിസ്, മലേറിയ, ജാപ്പനീസ് മസ്തിഷ്കജ്വരം എന്നിവയാണ് മരണകാരണമായ സാംക്രമികരോഗങ്ങൾ.

## പ്രാഥമികാരോഗ്യമേഖലയിലെ ഇടപെടലുകൾ

പ്രാഥമികാരോഗ്യസേവനങ്ങളിലൂടെ ആരോഗ്യമേഖലയിലെ വെല്ലുവിളികൾ നേരിടാൻ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആർദ്രം മിഷൻ ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ജനങ്ങളുടെ പങ്കാളിത്തവും ആരോഗ്യവകുപ്പിന്റെ സാങ്കേതികപിന്തുണയും ഉറപ്പാക്കി, ഓരോ പ്രശ്നവും കൈകാര്യം ചെയ്യുന്നതിന് ഉചിതമായ പദ്ധതി വികസിപ്പിച്ചു. നവകേരള കർമ്മപദ്ധതിയുടെ മറ്റ് ദൗത്യങ്ങളായ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം എന്നിവ ആർദ്രം മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

PHC-കളെയും CHC-കളെയും ജനസൗഹൃദപരമായ FHCകൾ/ബ്ലോക്ക് FHCകളാക്കി മാറ്റി പ്രാഥമികാരോഗ്യരംഗത്ത് സംസ്ഥാനം ഒരു നിശ്ശബ്ദ വിപ്ലവത്തിന് തുടക്കമിട്ടു. ആരോഗ്യപ്രവർത്തനങ്ങളുടെ എണ്ണത്തിലും ഗുണനിലവാരത്തിലും മാറ്റങ്ങളുടെ കടൽ കാണാനാകും. എല്ലാ എഫ്എച്ച്സികളിലും മൂന്ന് മെഡിക്കൽ ഓഫീസർമാർ, നാല് സ്റ്റാഫ് നഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റുകൾ എന്നിവരും ഫീൽഡ് സ്റ്റാഫും മറ്റു ജീവനക്കാരും ഉണ്ട്. പ്രവൃത്തിസമയം വൈകിട്ട് 6 വരെ നീട്ടി.

അടിസ്ഥാന സൗകര്യങ്ങൾ, മാനവ വിഭവശേഷി, പ്രത്യേകിച്ച് ഔട്ട്പേഷ്യന്റ് സേവനങ്ങൾ, നഴ്സിങ് കെയർ, ഫാർമസി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും പുനർനിർവചിച്ചു. റഫറൽ പ്രോട്ടോക്കോളുകൾ ഉൾപ്പെടെയുള്ള മാർഗനിർദ്ദേശങ്ങൾ വികസിപ്പിച്ചു. മരുന്നുകളുടെയും വാക്സിനുകളുടെയും മറ്റു മെഡിക്കൽ ഉപകരണങ്ങളുടെയും വിതരണം മെച്ചപ്പെടുത്തി. സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവരുടെ ആവശ്യങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ രൂപകല്പന ചെയ്തു.

സാംക്രമികേതരരോഗങ്ങളുടെ വെല്ലുവിളികൾ നേരിടുന്നതിനായി പ്രാഥമികതലത്തിൽ തന്നെ നൂതന പരിപാടികൾ ആവിഷ്കരിച്ചു. വിട്ടുമാറാത്ത ശ്വാസകോശസംബന്ധമായ അസുഖങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള 'ശ്വാസ്', പ്രാരംഭഘട്ടത്തിലുള്ള വിഷാദരോഗം കൈകാര്യം ചെയ്യുന്നതിനുള്ള 'ആശ്വാസ്', ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വിഷാദരോഗം കൈകാര്യം ചെയ്യുന്നതിനായുള്ള 'അമ്മമനസ്സ്', എല്ലാത്തരം മാനസികരോഗങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള സമ്പൂർണ്ണ മാനസികാരോഗ്യം, ഡയബറ്റിക് റെറ്റിനോപ്പതി കണ്ടുപിടിക്കാനുള്ള 'നയനാമൃതം', രക്താതിമർദം, പ്രമേഹം, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവ കണ്ടെത്താൻ 'അമൃതം ആരോഗ്യം' എന്നിവ എടുത്തുപറയേണ്ട പദ്ധതികളാണ്.

എല്ലാ എഫ്എച്ച്സികളിലും സാന്ത്വനപരിചരണ സേവനങ്ങൾ നിർബന്ധമാണ്. കൃത്യമായ ഫോളോ അപ്പ്, കൗൺസലിങ് സേവനങ്ങൾ, ഇ-ഹെൽത്ത് സംവിധാനം വഴിയുള്ള മെഡിക്കൽ റെക്കോർഡുകളുടെ പരിപാലനം എന്നിവയും എഫ്എച്ച്സികളിലുണ്ട്. മറ്റു ദേശീയ ആരോഗ്യ പരിപാടികളെല്ലാം കൃത്യമായി ഏറ്റെടുക്കുന്നുമുണ്ട്.

വാർഡിലുമുള്ള ആശ വർക്കർമാർ, അംഗനവാടി പ്രവർത്തകർ, ആരോഗ്യ സന്നദ്ധ പ്രവർത്തകർ, എൻജിഒകൾ, ആരോഗ്യ മേഖലയിലെ മറ്റ് ഏജൻസികൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്നു. ഗർഭിണികൾ, കൗമാരക്കാർ, മുതിർന്ന പൗരന്മാർ, വാക്സിനേഷൻ, എൻസിഡി, പുകവലി വർജനം തുടങ്ങിയവയ്ക്കായി വിവിധ ക്ലിനിക്കുകൾ ആഴ്ചയിൽ ആറ് ദിവസം പ്രവർത്തിക്കുന്നു. രോഗങ്ങളും അപകടസാധ്യതകളും മുൻനിർത്തി ആശാവർക്കർമാരോടൊപ്പം ഫീൽഡ് സ്റ്റാഫുകളും ഭവനസന്ദർശനം നടത്തുന്നു.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക്

പ്രാഥമികാരോഗ്യ പരിചരണം നൽകുന്ന എല്ലാ സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിലേക്കും ബ്ലോക്ക് പഞ്ചായത്തിലേക്കും മാറ്റപ്പെട്ടതിനാൽ, തദ്ദേശസ്ഥാപനങ്ങൾ അതിന്റെ അധികാരപരിധിയിലുള്ള പ്രാഥമികപരിചരണസേവനങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നിർണ്ണായകവും നേതൃത്വപരവുമായ പങ്ക് വഹിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ നേരിട്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ മാത്രമല്ല, പരിസ്ഥിതി ശുചിത്വം, കുടിവെള്ളം, പോഷകങ്ങളുടെ വിതരണം, പാർപ്പിടം തുടങ്ങിയ മറ്റ് സാമൂഹിക നിർണ്ണായക ഘടകങ്ങളും കൈകാര്യം ചെയ്യുന്നു. ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും ദൗത്യങ്ങളെയും NGO കളെയും ഏകോപിപ്പിക്കുന്നു. ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് (HSR) FHC ടീമിന്റെ സാങ്കേതിക പിന്തുണയോടെ തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കുന്നു. ആരോഗ്യവും അനുബന്ധ പ്രോജക്ടുകളും തയ്യാറാക്കുന്നതിന് മുമ്പ് എച്ച്എസ്ആർ വിശകലനം ചെയ്യുകയും ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. ■



എറണാകുളം ജനറൽ ആശുപത്രിയിലെ ലേബർ റൂം

## ജനകീയ ആരോഗ്യകേന്ദ്രങ്ങൾ

ആരോഗ്യ ഉപകേന്ദ്രങ്ങളെ അധികസൗകര്യങ്ങളോടെ സംസ്ഥാന സർക്കാർ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ എന്ന് പുനർനാമകരണം ചെയ്തു. അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 5415 ഉപകേന്ദ്രങ്ങളിൽ, 4558 കേന്ദ്രങ്ങളിൽ യോഗ്യതയുള്ള നഴ്സിനെ (മിഡിൽ ലെവൽ ഹെൽത്ത് പ്രൊവൈഡർ- എംഎൽഎച്ച്പി) എൻഎച്ച്എം മുഖേന നൽകിയിട്ടുണ്ട്.

എല്ലാ സബ്സെന്ററുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും ശരാശരി മൂന്ന് കേന്ദ്രങ്ങളിൽ ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വീതവുമുണ്ട്. ഈ ഹെൽത്ത് ഫീൽഡ് ജീവനക്കാർ ഓരോ

> വർഷങ്ങളുടെ പാരമ്പര്യമുള്ള മെഡിക്കൽ കോളേജുകൾക്കൊപ്പം പുതിയ മെഡിക്കൽ കോളേജുകളെയും പടിപടിയായി ഉയർത്തികൊണ്ടുവരാനായുള്ള നടപടികൾ സ്വീകരിക്കുകയാണ് സംസ്ഥാനസർക്കാർ.

# മെഡിക്കൽ കോളേജുകൾ
# പുതിയ സൗകര്യങ്ങൾ, സേവനങ്ങൾ

## കൊല്ലം മെഡിക്കൽ കോളേജ്

പി ജി കോഴ്സുകളും നഴ്സിങ്ങ് കോളേജും ആരംഭിച്ചു.

കാത്ത് ലാബ് പ്രവർത്തനം തുടങ്ങി

## കോന്നി മെഡിക്കൽ കോളേജ്

- 250 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളുമായാണ് മെഡിക്കൽ കോളേജ് മുന്നോട്ടുകുതിക്കുന്നത്
- പുതിയ അഡ്മിനിസ്ട്രേഷൻ, അക്കാദമിക് ബ്ളോക്കുകളുടെ നിർമ്മാണം വളർച്ചയുടെ പടവുകളാണ്.
- ജില്ലയിലെ ആദ്യ ആധുനിക 128 സ്ലൈസ് സി റ്റി സ്കാൻ, ഓപ്പറേഷണൽ ഒ പി, ഐപി, എമർജൻസി വിഭാഗങ്ങൾ, പീഡിയാട്രിക് ഐസിയു എന്നിവ
- ലക്ഷ്യ പദ്ധതി: ലക്ഷ്യ പദ്ധതിപ്രകാരമുള്ള ലേബർ റൂമിന്റെ നവീകരണവും പുതിയ ഹോസ്റ്റലുകളും ബ്ളഡ് ബാങ്കും.

## ആലപ്പുഴ മെഡിക്കൽ കോളേജ്

- സൂപ്പർ സ്പെഷ്യാലിറ്റി, ഐസിയു കിടക്കകൾ: 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്കകളും 50 ഐസിയു കിടക്കകളും ഉൾക്കൊള്ളുന്ന ബ്ളോക്ക്
- അമ്മയുടെയും കുഞ്ഞിന്റെയും ആശുപത്രി: 30 കോടി രൂപ ചെലവിൽ അമ്മയുടെയും കുഞ്ഞിന്റെയും ആശുപത്രി

## ഇടുക്കി മെഡിക്കൽ കോളേജ്


- പുതിയ മന്ദിരത്തിന്റെ പൂർത്തീകരണവും ഐപി സേവനങ്ങളുടെ തുടക്കവും
- ഓപ്പറേഷണൽ ഒപി ബ്ളോക്ക്
- നഴ്സിങ്ങ് കോളേജ് സ്ഥാപിച്ചു

## മഞ്ചേരി മെഡിക്കൽ കോളേജ്

- പിജി കോഴ്സുകളും നഴ്സിങ്ങ് കോളേജും
- കാഷ്വാലിറ്റി വിഭാഗത്തിന്റെ നവീകരണം
- ഐസിയു സൗകര്യങ്ങൾ വർധിപ്പിച്ചു.
















## കോഴിക്കോട് മെഡിക്കൽ കോളേജ്

- നിയോ നേറ്റോളജി വിഭാഗം ആരംഭിച്ചു.
- പിഇറ്റി സ്കാൻ സ്ഥാപിച്ചു.
- മാതൃ-നവജാതശിശു പരിചരണയൂണിറ്റ്: സംസ്ഥാനത്തെ ആദ്യ മാതൃ-നവജാതശിശു പരിചരണയൂണിറ്റ്
- പുതിയ സൂപ്പർ സ്പെഷ്യാലിറ്റി പിജി കോഴ്സുകൾ
- കരൾ മാറ്റ ശസ്ത്രക്രിയകൾക്ക് തയ്യാറെടുക്കുകയാണ് കോഴിക്കോട മെഡിക്കൽ കോളേജ്

## കണ്ണൂർ മെഡിക്കൽ കോളേജ്

- പ്ളാസ്റ്റിക് സർജറി വിഭാഗം ആരംഭിച്ചു
- ഹോസ്റ്റൽ നിർമ്മാണത്തിനായി 50.87 കോടി രൂപ അനുവദിച്ചു.
- ട്രോമ കെയർ സൗകര്യങ്ങളുടെ നിർമ്മാണം

## കാസർഗോഡ് മെഡിക്കൽ കോളേജ്

- ഒപി സേവനങ്ങളും സ്പെഷ്യാലിറ്റി സേവനങ്ങളും
- ന്യൂറോളജി സേവനങ്ങൾ
- ആശുപത്രി ബ്ളോക്കിന്റെ പൂർത്തീകരണത്തിന്

ഗണ്യമായ ഫണ്ട് അനുവദിച്ചു.

## പാലക്കാട് മെഡിക്കൽ കോളേജ്

- ഐപി വിഭാഗം 2024 മാർച്ച് 12ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
- ഫാർമക്കോളജി, മൈക്രോ ബയോളജി കമ്മ്യൂണിറ്റി മെഡിസിൻ, പാത്തോളജി എന്നിവയിൽ പിജി കോഴ്സുകൾ ആരംഭിക്കാൻ അനുമതി.

## വയനാട് മെഡിക്കൽ കോളേജ്

- മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്.
- കാത്ത് ലാബ് യാഥാർഥ്യമായി
- മൾട്ടി സ്പെഷ്യാലിറ്റിക്കായി മന്ദിരം
- ഹിപ് റീപ്ളേസ്മെന്റ് ശസ്ത്രക്രിയ: അരിവാൾ രോഗം ബാധിച്ചയാൾക്ക് ഹിപ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. ■

അമയ ചെറുവളത്ത്
മാധ്യമപ്രവർത്തക



മൂന്നാം ദശകത്തിലേക്ക് കടക്കുമ്പോൾ കേരള രാജ്യാന്തര ചലച്ചിത്രമേള സാമൂഹിക -മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന മികവുറ്റ സിനിമകൾ കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ലോകത്തിലെ തന്നെ മുൻനിര ചലച്ചിത്രമേളകളിലൊന്നായ് മാറുകയാണ് 2024 ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്ത് നടന്ന ഐഎഫ്എഫ്കെയുടെ 29 -ാം പതിപ്പിന്റെ അവലോകനം.




# മാനവികതയുടെ ദൃശ്യോത്സവം




മൂന്നാം ലോക സിനിമയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന കേരളത്തിന്റെ ചലച്ചിത്രമേള അതിന്റെ തുടക്കംമുതൽ അടിച്ചമർത്തലുകളും വിവേചനങ്ങളും നേരിടുന്ന ജനതയോടുള്ള ഐക്യദാർഢ്യം അഭിമാനത്തോടെ പ്രകടിപ്പിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പീഡിതരുടേയും ജീവിതാവസ്ഥകൾ വരച്ചുകാട്ടുന്നതായിരുന്നു ഈ ചലച്ചിത്രമേളയിലെ മിക്ക സിനിമകളും. വിഖ്യാത ബ്രസീലിയൻ സംവിധായകൻ വാൾട്ടർ സാലസിന്റെ ചിത്രമായ 'ഐ ആം സ്റ്റിൽ ഹിയർ' ആയിരുന്നു ഐ എഫ് എഫ് കെയുടെ ഉദ്ഘാടന ചിത്രം. ബ്രസീലിന്റെ സൈനിക സ്വേച്ഛാധിപത്യത്തിന്റെ കഥ പറയുന്ന ചിത്രമായിരുന്നു ഇത്.

അവഗണനകൾക്കിടയിലും സ്വന്തം കഴിവിൽ വിശ്വസിച്ച് സിനിമയെ തങ്ങളുടെ സമരായുധമാക്കിയവരെ ആദരിക്കൽ കൂടിയായ മേള




ഐ.എഫ്.എഫ്.കെ ഉദ്ഘാടന ചടങ്ങിൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് ഏറ്റുവാങ്ങുന്ന ഹോങ്കോങ് സംവിധായിക ആൻ ഹുയി

വനിതാസംവിധായകരുടെ കലാസൃഷ്ടികൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള 'ഫീമെയിൽ ഗെയ്സ്" വിഭാഗത്തിൽ ഏഴ് സിനിമകളാണ് പ്രദർശിപ്പിച്ചത്. ആകെ പ്രദർശിപ്പിച്ച 177 സിനിമകളിൽ 52 എണ്ണം സ്ത്രീസംവിധായകരുടേതാണ് എന്നുള്ളതും ക്വീർ സമൂഹം നേരിടുന്ന വെല്ലുവിളികൾ പശ്ചാത്തലമായ സിനിമകൾ പ്രദർശനത്തിനെത്തിയതും സ്ത്രീസാന്നിധ്യത്തിനുള്ള അംഗീകാരം കൂടിയായിരുന്നു ഇത്തവണത്തെ മേള. മുഖ്യമന്ത്രിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങിയ ഐ എഫ് എഫ് കെയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര ജേതാവ് ഹോങ്കോങ്ങിൽ നിന്നുള്ള സംവിധായികയും തിരക്കഥാകൃത്തും നിർമ്മാതാവും അഭിനേത്രിയുമായ ആൻ ഹുയിയും സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാര ജേതാവ് സംവിധായിക പായൽ സിനിമയെ അടിമുടി മാറ്റിപ്പണിത നവതരംഗ സിനിമാപ്രസ്ഥാനത്തിന്റെ മുൻനിരക്കാരിയായ ആൻ ഹുയി അന്താരാഷ്ട്ര തലത്തിൽ നിരവധി ബഹുമതികൾ നേടി. ആൻ ഹുയിയെ ആദരിക്കുന്നതിലൂടെ യഥാർഥത്തിൽ ഈ മേളയാണ് ആദരിക്കപ്പെടുന്നത് എന്നാണ് ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി അഭിപ്രായപ്പെട്ടത്. ഇന്ത്യൻ സംവിധായിക പായൽ കപാഡിയ തിരക്കഥയെഴുതി




അഭിമാനകരമായ നേട്ടമാണ്. ഭിന്നശേഷി സൗഹൃദമേളയായിരുന്നു ഇത്. ഐ എഫ് എഫ് കെയുടെ ചരിത്രത്തിൽ ആദ്യമായ് കേൾവിപരിമിതർക്കായ് പ്രസംഗങ്ങളുടെ ആംഗ്യഭാഷ അവതരണവും ഉണ്ടായിരുന്നു.

സിനിമയിലെ പ്രഗത്ഭരായ കപാഡിയയും അടയാളപ്പെടുത്തിയത് അതിജീവനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും നിരന്തര പ്രയത്നങ്ങളുടെയും അർഹിക്കുന്ന അംഗീകാരം കൂടിയാണ്. സിനിമയിൽ അരനൂറ്റാണ്ട് പിന്നിടുന്ന ആൻ ഹുയി ഏഷ്യയിലെ തന്നെ മികച്ച സംവിധായകരിലൊരാളാണ്. ഹോങ്കോങ് സംവിധാനം ചെയ്ത 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ് കാൻ' ചലച്ചിത്രമേളയിലെ ഗ്രാൻഡ് പ്രി പുരസ്കാര നേട്ടത്തിൽ എത്തിനിൽക്കുമ്പോൾ സിനിമയിലെ മലയാളസാന്നിധ്യം കേരളത്തിനും അഭിമാനം നൽകുന്നതാണ്. കാലിക പ്രസക്തമായ സിനിമകൾ ചെയ്യാൻ കേരളത്തിന്റെ ഈ അംഗീകാരം

പ്രചോദനമാണെന്നാണ് പുരസ്കാര നിറവിൽ പായൽ കപാഡിയ പ്രതികരിച്ചത്.

## നഷ്ടനായികയുടെ ഓർമ്മകൾ

മലയാള സിനിമയുടെ ആദ്യ നായിക പി കെ റോസിയോടുള്ള ബഹുമാനാർഥം ആവിഷ്കരിച്ച സിഗ്നേച്ചർ ഫിലിം 'സ്വപ്നയാനം' കേരളം കടന്നുവന്ന പുരോഗമനപാതയുടെ സാക്ഷ്യമായി. കാപിറ്റോൾ തിയേറ്ററിൽ 'വിഗതകുമാര'ന്റെ ആദ്യപ്രദർശനത്തോടെ ഓടിമറയേണ്ടി വന്ന മലയാളത്തിന്റെ നഷ്ടനായിക' പി കെ റോസി വർഷങ്ങൾക്കിപ്പുറം ന്യൂ കാപിറ്റോൾ തിയേറ്ററിൽ ആളുകൾക്കിടയിൽ അഭിമാനത്തോടെ സിനിമ ആസ്വദിക്കുന്നതായ ദൃശ്യാവിഷ്കാരം രേഖപ്പെടുത്തിയത് സാമൂഹിക-സാംസ്കാരിക- രാഷ്ട്രീയ മേഖലകളിൽ നമ്മൾ കൈവരിച്ച മുന്നേറ്റം കൂടിയാണ്.

മലയാള സിനിമയുടെ ശൈശവദശ മുതൽ എൺപതുകളുടെ തുടക്കം വരെ തിരശീലയിൽ തിളങ്ങി നിന്ന മുതിർന്ന നടിമാരെ ആദരിക്കുന്ന മറക്കില്ലൊരിക്കലും' പരിപാടി മേളയുടെ സ്ത്രീപക്ഷ നിലപാടിനെ ഉയർത്തിപ്പിടിക്കുന്നതായിരുന്നു. 1953ൽ സിനിമയിലെത്തിയ ടി ആർ ഓമന മുതൽ 1981ൽ സിനിമയിലെത്തിയ മേനകയും




> **അറുപതിൽപരം രാജ്യങ്ങളിൽ നിന്നുള്ള സിനിമകളാണ് ലോകസിനിമാ വിഭാഗത്തിൽ പ്രേക്ഷകർക്ക് മുന്നിലെത്തിയത്**

ശാന്തികൃഷ്ണയും ഉൾപ്പെടെ 21 പേരാണ് ചടങ്ങിൽ ആദരം ഏറ്റുവാങ്ങിയത്.

ചലച്ചിത്ര രംഗത്ത് അഞ്ചു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന അഭിനേത്രി ശബാന ആസ്മിയോടും ഛായാഗ്രാഹകൻ മധു അമ്പാട്ടിനോടുമുള്ള ആദരസൂചകവുമായി മേള. 'സെലിബ്രേറ്റിംഗ് ശബാന ആസ്മി: വിഭാഗത്തിൽ അടുത്തിടെ നിര്യാതനായ ശ്യാം ബെനഗലിന്റെ ചിത്രം 'അങ്കുർ' ഉൾപ്പെടെ അഞ്ചു സിനിമകളും മധു അമ്പാട്ട് റെട്രോസ്പെക്റ്റിവ് വിഭാഗത്തിൽ മലയാളത്തിന്റെ എക്കാലത്തെയും പ്രിയചിത്രം 'അമരം' ഉൾപ്പെടെ നാല് ചിത്രങ്ങളുമാണ് പ്രദർശനത്തിനെത്തിയത്. ഉദ്ഘാടന ചടങ്ങിൽ ശബാന ആസ്മിയെ പൊന്നാടയണിയിച്ചും പ്രശസ്തിപത്രം നൽകിയും മുഖ്യമന്ത്രി ആദരിച്ചു.

ഇന്ത്യൻ സിനിമയിലെ മണ്മറഞ്ഞ പ്രതിഭകൾക്കുള്ള ആദരമായിരുന്നു മേളയുടെ 'ഹോമേജ്' വിഭാഗം. സമാന്തര ഹിന്ദി സിനിമയുടെ അതികായൻ കുമാർ സാഹ്നിയുടെ 'തരംഗ്', ദേശീയ പുരസ്കാര ജേതാവ് ഉത്പലേന്ദു ചക്രബർത്തിയുടെ 'ചോഖ്; മലയാള സംവിധായകരായ ഹരികുമാറിന്റെ 'സുകൃതം;, എം മോഹന്റെ 'രചന' എന്നി ചിത്രങ്ങളാണ് ഹോമേജ് വിഭാഗത്തിൽ പ്രദർശിപ്പിച്ചത്. ലിറ്ററി ട്രിബ്യൂട്ട് മേളയുടെ മറ്റൊരു ആകർഷണമായിരുന്നു. തോപ്പിൽ ഭാസി തിരക്കഥ എഴുതി പി. ഭാസ്കരൻ സംവിധാനം ചെയ്ത മൂലധനം; പാറപ്പുറത്ത് കഥയും തിരക്കഥയും എഴുതിയ 'അരനാഴികനേരം; പി. ഭാസ്കരന്റെയും രാമു കാര്യാട്ടിന്റെ കൂട്ടുകെട്ടിൽ പിറന്ന 'നീലക്കുയിൽ' എന്നീ സിനിമകളുടെ പ്രദർശനം ഒരു സുവർണകാലത്തിന്റെ ഓർമകളാണ് നൽകിയത്.

എട്ട് രാപകലുകൾ നീണ്ടുനിന്ന മേളയിൽ പതിനഞ്ചു തിയേറ്ററുകളിലായി 19 വിഭാഗങ്ങളിൽ നിന്നും പ്രദർശിപ്പിച്ചത് 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകളാണ്. ആകെ നടന്ന 427 പ്രദർശനങ്ങൾക്ക് പുറമെ മേളയുടെ ഭാഗമായ ഇൻ കോൺവെർസേഷനുകൾ, ഓപ്പൺ ഫോറം, മീറ്റ് ദി ഡയറക്ടർ തുടങ്ങിയ ചർച്ചകളും മറ്റ് അനുബന്ധപരിപാടികളും മേളയുടെ മാറ്റ് കൂട്ടി.കൺട്രി ഫോക്കസ് ഫോക്കസ് വിഭാഗത്തിൽ അർമേനിയൻ സിനിമകളായിരുന്നു പ്രദർശിപ്പിച്ചത്. ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യം പേറുന്ന അർമേനിയൻ ചലച്ചിത്ര ലോകത്തോടുള്ള ബഹുമാനാർഥം ഏഴ് സിനിമകളാണ് പ്രദർശനത്തിനെത്തിയത്. യുദ്ധവും കുടിയിറക്കലും വംശഹത്യയുമെല്ലാം പ്രമേയങ്ങളാവുന്ന ഈ സിനിമകൾ പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും നേർചിത്രങ്ങൾ കൂടിയാണ്.

## ലോകാവസ്ഥയുടെ കണ്ണാടി

അറുപതിൽപരം രാജ്യങ്ങളിൽ നിന്നുള്ള സിനിമകളാണ് ലോകസിനിമാ വിഭാഗത്തിൽ പ്രേക്ഷകർക്ക് മുന്നിലെത്തിയത്. കണ്ടമ്പററി ഫിലിം മേക്കർ ഇൻ ഫോക്കസ് വിഭാഗത്തിൽ അവതരിപ്പിച്ചത് വിഖ്യാത ദക്ഷിണ കൊറിയൻ സംവിധായകൻ ഹോങ് സാങ് സൂവിന്റെ നാല് ചിത്രങ്ങളാണ്. തനതുശൈലിയും കാല്പനികവും ലളിതവുമായ ആവിഷ്കാരങ്ങളും കൊണ്ട് സമകാലിക കൊറിയൻ സിനിമയെ ലോകോത്തര നിലവാരത്തിലെത്തിച്ച



മികച്ച ചിത്രത്തിനുള്ള പ്രേക്ഷക പുരസ്കാരം നേടിയ സംവിധായകൻ ഫാസിൽ മുഹമ്മദ്




പ്രതിഭയാണ് ഹോങ് സാങ് സൂ. ലോകചലച്ചിത്ര മേളകളിൽ വിവിധ അംഗീകാരങ്ങൾ നേടിയ സിനിമകളുടെ പാക്കേജ് ആയിരുന്നു 'ഫെസ്റ്റിവൽ ഫേവറൈറ്റ്സ്' വിഭാഗം. ഷോൺ ബേക്കറിന്റെ 'അനോറ ഉൾപ്പെടെ ജനപ്രീതിയാർജിച്ച പതിമൂന്ന് ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ തിയേറ്ററുകളിലെത്തിയത്.

ഫ്രഞ്ച് ഛായാഗ്രാഹക ആഗ്നസ് ഗൊദാർഡ് അധ്യക്ഷ ആയ അഞ്ചംഗ ജൂറിയാണ് അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത പതിനാലു ചിത്രങ്ങൾ വിലയിരുത്തി വിധിനിർണയം നടത്തിയത്. ബൊളീവിയൻ സംവിധായകൻ മാർക്കോസ് ലോയിസ, ജോർജിയൻ സംവിധായികയും തിരക്കഥാകൃത്തുമായ നാന ജോർജ്ഡ്സെ, ആസാമീസ് സംവിധായിക മൊഞ്ചുൾ ബറുവ, അർമേനിയൻ സിനിമാ സംവിധായകനും നടനും തിരക്കഥാകൃത്തുമായ മിഖായേൽ ഡോവ്ലാത്യൻ എന്നിവരാണ് മറ്റ് ജൂറി അംഗങ്ങൾ.

മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം ബ്രസീലിയൻ സംവിധായകൻ പെഡ്രോ ഫ്രയറിയുടെ ചിത്രം 'മാലു'വും മികച്ച സംവിധായകനുള്ള രജതചകോരം മി മറിയം ദി ചിൽഡ്രൻ ആൻഡ് 26 അതേഴ്സ്' എന്ന ചിത്രത്തിലൂടെ ഇറാനിയൻ സംവിധായകൻ ഫർഷാദ് ഹാഷമിയും മികച്ച നവാഗത സംവിധായകനുള്ള രജതചകോരം ചിലിയൻ ചിത്രം 'ഹൈപ്പർബോറിയൻസിലൂടെ സംവിധായകർ ക്രിസ്റ്റോബൽ ലിയോണിയും ജോക്വിൻ കോസിനും സ്വന്തമാക്കി. ലിംഗനീതിയുടെ രാഷ്ട്രീയം പറയുന്ന ഫാസിൽ മുഹമ്മദിന്റെ മലയാള സിനിമ 'ഫെമിനിച്ചി ഫാത്തിമ' മികച്ച ചിത്രത്തിനുള്ള പ്രേക്ഷക പുരസ്കാരവും അന്താരാഷ്ട്ര മത്സര വിഭാഗത്തിലെ മികച്ച ചിത്രത്തിനുള്ള ഫിപ്രസി പുരസ്കാരവുമുൾപ്പെടെ അഞ്ചു അവാർഡുകളാണ് നേടിയത്. മറ്റ് മലയാള സിനിമകളായ ഇന്ദുലക്ഷ്മിയുടെ 'അപ്പുറം; കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന്റെ നിർമാണത്തിൽ പുറത്തിറങ്ങിയ ശിവരഞ്ജിനി ജെയുടെ 'വിക്ടോറിയ; മിഥുൻ മുരളിയുടെ ആനിമേഷൻ ചിത്രം 'കിസ്സ് വാഗൺ തുടങ്ങിയവയും പുരസ്കാരർഹമായി.

സിനിമാ പ്രദർശനങ്ങൾക്കു പുറമെ ഐ എഫ് എഫ് കെ വേദിയിൽ ഡെലിഗേറ്റുകൾക്കായി സംഘടിപ്പിച്ച 'സിനി ബ്ലഡ്" എന്ന രക്തദാന ക്യാമ്പും മരണാനന്തര അവയവ ദാനത്തിന് നേരിട്ട് രജിസ്റ്റർ ചെയ്യാൻ കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ നടന്ന രജിസ്ട്രേഷൻ ഡ്രൈവും ഉയർത്തിക്കാട്ടിയത് മേളയുടെ മാനവികതയുടെ നിലപാടാണ്.

ഏറ്റവും ജനകീയമായ കലാരൂപമാണ് സിനിമ. അതിനാൽത്തന്നെ വിവിധ സാമൂഹികാവസ്ഥകളെ പ്രതിഫലിപ്പിക്കാനും പ്രത്യാശാഭരിതമായ നാളെയെ വാർത്തെടുക്കാനുമുള്ള വേദികളാണ് ഇത്തരത്തിലുള്ള അന്താരാഷ്ട്ര ചലച്ചിത്രമേളകൾ ഒരുക്കുന്നത്. ഐ എഫ് എഫ് കെ അതിന്റെ മുപ്പതാമാണ്ടിൽ കാലെടുത്തുവയ്ക്കുമ്പോൾ, വിവിധ മേഖലകളിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾക്കൊപ്പം കേരളം സാംസ്കാരികമേഖലയിലും സുവർണമുദ്രകൾ പതിപ്പിക്കുകയാണ്. ■

അനുസ്മരണം >> 

എസ് ആർ ലാൽ
കഥാകൃത്ത്. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാര ജേതാവ്



മനുഷ്യവൈകാരികതയുടെ എഴുത്തുകാരനാണ് എം.ടി. അതിനാലാണ് വായനക്കാരുടെ ലോകം അദ്ദേഹത്തിലേക്ക് ചെന്നണയുന്നത്. ഒരു എം.ടി ഓർമ്മ




# പിറന്നാൾ മധുരം

അച്ഛന് ചെറിയൊരു പുസ്തകശേഖരമുണ്ടായിരുന്നു. റഷ്യയിൽ നിന്ന് പുറത്തിറങ്ങിയിരുന്നത് ഉൾപ്പെടെ കുട്ടികൾക്കായുള്ള നിരവധി പുസ്തകങ്ങൾ അതിലുണ്ടായിരുന്നു. അതിൽ പൊറ്റെക്കാട്ടോ, മാധവിക്കുട്ടിയോ ബഷീറോ ഉണ്ടായിരുന്നില്ല. ഞങ്ങളുടെ നാട്ടിൽത്തന്നെയുണ്ടായിരുന്ന സരസ്വതീമന്ദിരം എന്ന ചെറിയ ഗ്രന്ഥശാലയാണ് അവരിലേക്ക് എന്നെ എത്തിച്ചത്. അപ്പോഴും എം.ടിയിലേക്ക് എത്തിച്ചേരാനായില്ല. എം.ടി. എന്ന പേര് ചുറ്റുവട്ടത്തൊക്കെയുണ്ടുതാനും. അപ്പോഴാണ് സ്കൂൾ പാഠപുസ്തകത്തിൽനിന്നും ലീല വന്നത്. പാഠപുസ്തകത്തിലെ കഥകളൊക്കെ പഠിപ്പിക്കുംമുമ്പേ വായിക്കാനുള്ള ജിജ്ഞാസയുണ്ടാവും. ലേഖനങ്ങളൊക്കെ അവിടെത്തന്നെ കിടക്കും. അത് അധ്യാപകർക്ക് പഠിപ്പിക്കാനുള്ളതാണല്ലോ.

വീട്ടിൽ ഇലക്ട്രിസിറ്റി കിട്ടിയിരുന്നില്ല. കണ്ണാടിച്ചില്ലുള്ള വിളക്കുണ്ട്. അത് രാത്രിക്കുമുമ്പേ തുടച്ചെടുക്കണം. എങ്കിലേ തെളിഞ്ഞ വെളിച്ചം പരത്തൂ. സന്ധ്യയിലേക്ക് മഞ്ഞവെളിച്ചം പരന്നു. പുസ്തകത്തിലേക്കത് വന്നുവീണു. എം.ടിയുടെ 'നിൻറെ ഓർമ്മയ്ക്ക് ' എന്ന കഥവായിച്ചു. ഹൊ! ലീലയുടെ വിസ്മയിപ്പിക്കുന്ന റബ്ബർ മൂങ്ങ, അവളുടെ തിളങ്ങുന്ന വസ്ത്രങ്ങൾ, അച്ഛനോട് ചേർന്നുള്ള നിൽപ്പ്, ഡാഡീ എന്ന വിളി, അവളുടെ വരവ്, വീട്ടിലുണ്ടാക്കിയ ഭൂകമ്പങ്ങൾ- അക്കഥ എന്റെ രാത്രിയെ പിടിച്ചുലച്ചുകളഞ്ഞു. ആ രാത്രിയെ മാത്രമല്ല, എത്രയോ പകലുകളെ രാത്രികളെ. ചില സംശയങ്ങൾ പിന്നെയും വട്ടംപിടിച്ചുനിന്നു. ലീല വാസുവിന്റെ സഹോദരിതന്നെയാകുമോ, ലീല ഇപ്പോൾ എന്തുചെയ്യുന്നുണ്ടാവും, പിന്നീടെന്നെങ്കിലും വാസുവിനെ തിരക്കി അവൾ വന്നിട്ടുണ്ടാവുമോ- അതൊന്നും കഥാകൃത്ത് പറയുന്നില്ലല്ലോ. ലീലയ്ക്കൊരു ആശംസപറയുകമാത്രമല്ലേ കഥാന്ത്യത്തിൽ ചെയ്യുന്നുള്ളൂ. കഥയുടെ മാജിക്ക് ഇതാണെന്നൊന്നും തിരിച്ചറിയാനുള്ള കഴിവ് അന്നുണ്ടായിരുന്നില്ല. അങ്ങനെ ലീലയുടെ കഥയിലൂടെ, സങ്കടപ്പെടുത്തിക്കൊണ്ടാണ് എം.ടി. എന്നിലേക്ക് കടന്നുവന്നത്.

എം.ടി. എഴുതിയ ബാക്കികഥകളും വായിച്ചേ തീരൂ എന്നുതോന്നി. ഭാഗ്യം, 'എം.ടിയുടെ കഥകൾ' എന്ന പുസ്തകം അച്ഛന്റെ പുസ്തകശേഖരത്തിൽ ഒളിച്ചിരിപ്പുണ്ടായിരുന്നു. വലിയൊരത്ഭുതമായി അത് മുന്നിലേക്ക് തലനീട്ടി. എം.ടിയുടെ ചിത്രമായിരുന്നു പുസ്തകത്തിന്റെ കവറിൽ. അലസമായി ചീകിയ മുടി, അതിനേക്കാൾ അലസമായ നോട്ടം. പുഞ്ചിരിക്കാനുള്ള ഭാവമുണ്ട്, പക്ഷേ ചിരിക്കില്ല എന്ന ഉറപ്പും.

ഭ്രാന്തൻ വേലായുധനും കാതുമുറിച്ച് സൗന്ദര്യംകൂട്ടാനൊരുങ്ങിയ കുട്ട്യേടത്തിയും വെളിച്ചപ്പാടിന്റെ സങ്കടങ്ങൾ പറഞ്ഞ പള്ളിവാളും കാൽച്ചിലമ്പുമെല്ലാം എന്നിലേക്ക് സങ്കടങ്ങൾ വീണ്ടും നിറച്ചുവച്ചു. അവയൊന്നും മനസ്സിൽ നിന്ന് ഇറങ്ങിപ്പോയതേയില്ല. തനിച്ച് നടക്കുമ്പോഴും ഉറങ്ങാൻ കിടക്കുമ്പോഴും പഠിക്കാനിരിക്കുമ്പോഴും ഇവരെല്ലാം വീണ്ടും വീണ്ടും മുന്നിലേക്കുവന്നു. എന്തുകൊണ്ടാണ് അതുണ്ടായതെന്ന് പതിയെപ്പതിയെ എനിക്ക് മനസ്സിലായി, മനുഷ്യവൈകാരികതയുടെ എഴുത്തുകാരനാണ് എം.ടി. അതിനാലാണ് വായനക്കാരുടെ ലോകം അദ്ദേഹത്തിലേക്ക് ചെന്നണയുന്നത്.

## 2003 ജൂലൈ.

തിരുവനന്തപുരത്തെ സൗത്ത് പാർക്ക് ഹോട്ടലിൽ എം.ടിയുണ്ട്. രാവിലെ ഒൻപതുമണിക്ക് എം.ടിയെ കാണാനുള്ള അവസരമുണ്ട്. ജോലിചെയ്യുന്ന ഗ്രന്ഥാലോകം മാസികയ്ക്കായി ഒരു അഭിമുഖത്തിന് സമയം അനുവദിച്ചിട്ടുണ്ട്. ശശിധരൻ കുമാരപുരം എന്ന പ്രശസ്തനായ ഫോട്ടോഗ്രാഫറോട് ചിത്രങ്ങൾ എടുക്കാൻ പറഞ്ഞിട്ടുണ്ട്. ഗ്രന്ഥാലോകത്തിന്റെ പ്രധാന പത്രാധിപർ പിരപ്പൻകോട് മുരളിസാറാണ് അഭിമുഖം നടത്തുന്നത്. കേട്ടെഴുത്താണ് എന്റെ ചുമതല.

ഞങ്ങൾ മുറിയിലേക്ക് ചെന്നു. നാലാം നിലയിലായിരുന്നു അദ്ദേഹം. വാതിൽ തുറക്കപ്പെട്ടു. ജനാലയുടെ കർട്ടനിലൂടെ പ്രഭാതവെളിച്ചം കടന്നുവന്നു. ഇതാ ഞാൻ കാണാൻ ആഗ്രഹിച്ച എഴുത്തുകാരൻ. കൗമാര, യൗവ്വനങ്ങളെ പിടിച്ചുലച്ച അക്ഷരങ്ങൾ... എഴുത്തുകാരനാകണമെന്ന സ്വപ്നം ഉള്ളിൽ നിറച്ച ആൾ.

അലസമട്ടിലുള്ള ഇരിപ്പ്. കയ്യിലൊരു ബീഡി. പതിയെയുള്ള സംസാരം.

തുഞ്ചൻപറമ്പിനെ ഊന്നിക്കൊണ്ടുള്ളതായിരുന്നു അഭിമുഖം. തുഞ്ചൻപറമ്പിന്റെ വികസനത്തിനായി നടത്തിയ അശ്രാന്തപരിശ്രമത്തെക്കുറിച്ച്, പൊതുവേ വാചാലനാകാത്ത എം.ടി. മനസ്സുതുറന്നു. വിദേശമലയാളികളിൽ നിന്നും എഴുത്തുകാരിൽ നിന്നും കേരളത്തിനു പുറത്തുനിന്നുള്ള മലയാളികളിൽ നിന്നുമൊക്കെ ലഭിച്ച സാമ്പത്തിക സഹായത്തെപ്പറ്റി, അതിനായി വിളിച്ചുചേർത്ത യോഗങ്ങളെപ്പറ്റിയൊക്കെ എം.ടി വിശദമാക്കി.

'എന്നെ സംബന്ധിച്ചിടത്തോളം എട്ടുപത്തുകൊല്ലം ഞാനതിനായി അധ്വാനിച്ചു. അത് ഭാവിക്കുവേണ്ടി ചെയ്യേണ്ട ഒരു കടമയാണ്. തുഞ്ചന് സ്മാരകം ആവശ്യമില്ല. എന്നാൽ അദ്ദേഹത്തിന്റെ പേരിലുള്ള ഈ സ്ഥലത്തുവരുമ്പോൾ ഈ ഭാഷയോടും കവിതയോടും ആദരവ് തോന്നണം. നമ്മുടെ ഭാഷയ്ക്ക് കയ്യുംകണക്കുമുണ്ടാക്കിയ ആളിന്റെ ജന്മസ്ഥലത്തുവന്നു നിൽക്കുമ്പോൾ അതിന്റെ ഗാംഭീര്യം തോന്നണം. എം.ടി. പറഞ്ഞു.

## അനുഗ്രഹം പോലെ

ഒരു മണിക്കൂറോളം നീണ്ടുനിന്ന സംസാരമായിരുന്നു അത്. 'അങ്ങയോടൊപ്പം ഒരു ചിത്രം എടുത്തോട്ടേ?' ഞാൻ ചോദിച്ചു. എം.ടി. തലയാട്ടി. സമീപത്തേക്ക് നിന്നു. ക്യാമറയിൽ നിന്നും വെളിച്ചം വന്നുവീണു. ജീവിതത്തിലെ ഏറ്റവും നല്ല മുഹൂർത്തങ്ങളിലൊന്നാണിതെന്ന് ഞാൻ മനസ്സിൽ കരുതി.

എന്റെ ആദ്യ പുസ്തകമായ 'ഭൂമിയിൽ നടക്കുന്നു' പുറത്തുവന്ന കാലമായിരുന്നു. എം.ടിയ്ക്ക് നൽകണമെന്ന ആഗ്രഹത്തോടെ ഞാനത് കയ്യിൽ കരുതി. വലിയ മനുഷ്യരെക്കാണുമ്പോഴൊരു ഉൾവലിയൽ വന്നുചേരാറുണ്ട്. അപ്പോഴുമതുണ്ടായി. പുസ്തകം ഞാൻ പുറത്തെടുത്തില്ല. എം.ടിയുടെ കയ്യൊപ്പിട്ടുവാങ്ങണമെന്നു കരുതി സൂക്ഷിച്ച 'കാല'ത്തിന്റെയും 'മഞ്ഞ്'ിന്റെയും കോപ്പിയുമതെ.

ആരോ ഡോറിൽ മുട്ടി. ഞാനാണ് കതകു തുറന്നത്. ഗിരിജാ സേതുനാഥ് എന്ന എഴുത്തുകാരിയും ഭർത്താവുമായിരുന്നു. അവർ കയ്യിലുള്ള കവർ മേശപ്പുറത്തുവച്ചു. അതൊരു പിറന്നാൾ കേക്കായിരുന്നു. അന്ന് 2003 ജൂലൈ പതിനഞ്ചായിരുന്നു. എം.ടിയുടെ എഴുപതാം പിറന്നാൾ ദിവസം. എം.ടി. ഇരിപ്പിടത്തിൽ നിന്നു എഴുന്നേറ്റു. കേക്ക് മുറിച്ചു. അതിലൊരു കഷ്ണം എനിക്കുനേരേ നീട്ടി. ഞാനത് വാങ്ങാനായി കൈനീട്ടി. ആ കൈ അവിടെത്തന്നെ നിൽക്കട്ടെ, ഒരനുഗ്രഹംപോലെ. ■






# കലയുടെ, കൂട്ടായ്മയുടെ പകലിരവുകൾ

അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവം എല്ലാ അർത്ഥത്തിലും സമ്പൂർണ്ണ വിജയമായിരുന്നു. ഒരു പരാതി പോലുമില്ലാതെയാണ് മേള കൊടിയിറങ്ങുന്നത്. മേളയുടെ വിജയത്തിനായി രൂപീകരിച്ച 19 കമ്മിറ്റികളും ഒന്നിനൊന്നു മെച്ചമായി പ്രവർത്തിച്ചു. മികച്ച കലാസൃഷ്ടികളാണ് കുട്ടികൾ കാഴ്ച വെച്ചത്. അപ്പീലുകൾ കുറഞ്ഞ കലോത്സവം എന്ന നിലയിലും ഈ കലോത്സവം മികച്ചു നിന്നു. കൃത്യസമയത്തു മത്സരങ്ങൾ തുടങ്ങാനും പൂർത്തിയാക്കാനും സാധിച്ചു. കലോത്സവമേളകൾ എല്ലാ വിഭാഗങ്ങളുടെയും ഇൻക്ലൂസീവ് മേള ആയിരിക്കണം. സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ പത്ത് ലക്ഷത്തോളം കുട്ടികൾ പങ്കെടുക്കുന്ന മേളയാണ് സംസ്ഥാന സ്കൂൾ കലോത്സവം. ഭാവി തലമുറയുടെ പ്രതിനിധികളായ കുഞ്ഞുങ്ങൾ പങ്കെടുക്കുന്ന ഈ മഹോത്സവം കൂട്ടായ്മയുടെയും പരസ്പര ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും മികച്ച ഉദാഹരണമായി നിലനിൽക്കണം. ഇത് പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് അധ്യാപകരും കലാധ്യാപകരും തിരിച്ചറിഞ്ഞു പ്രവർത്തിക്കണം. ഒരൊറ്റ പരാതി പോലുമില്ലാതെ കലാമേള പൂർത്തിയാക്കാനായതു മികച്ച നേട്ടമാണ്. വിധി നിർണയത്തിലും മറ്റും സ്വീകരിച്ച കർശന നിലപാടുകളുടെ പരിണിത ഫലമായാണ് പരാതികൾ കുറഞ്ഞത്.

അടുത്ത കലോത്സവം മുതൽ സ്കൂൾതലം തൊട്ടുള്ള വിധിനിർണയം പൂർണമായും കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കും. വിധികർത്താക്കളെ നിശ്ചയിക്കുന്നത് മുതൽ കൃത്യമായ നിർവചനങ്ങളും മാനദണ്ഡങ്ങളും ഉണ്ടാവും. കുറ്റമറ്റ വിധി നിർണയം സാധ്യമാക്കുന്നതിന് മാനുവലിൽ പരിഷ്കരണം നടത്തും. ഒപ്പം സാമ്പത്തിക പരാധീനത കലാപരമായ കഴിവിന്റെ വളർച്ചയ്ക്ക് കുട്ടികൾക്ക് ഒരിക്കലും തടസ്സമാകാതിരിക്കാൻ മേളകളിൽ അനാവശ്യമായ ധാരാളിത്തം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ചരിത്രത്തിൽ ആദ്യമായി തദ്ദേശീയജനതയുടെ കലാരൂപങ്ങൾ മേളയിൽ മത്സര ഇനമായി ഉൾപ്പെടുത്താനായി. കൂടുതൽ പ്രാദേശിക കലകളെ വരും മേളകളുടെ ഭാഗമാക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനു നിർദേശം നൽകിയിട്ടുണ്ട്. കുഞ്ഞു കലാകാരന്മാർക്ക് തങ്ങളുടെ കലകൾ ലോകം മുഴുവൻ കാണിക്കാനുള്ള ഒരു അവസരം കൂടിയാണിതിലൂടെ ലഭിച്ചത്.■

**വി ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി









License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.01.2025**
KERMAL2014/58028 Price: **12.00**




VISIT **www.donation.cmdrf.kerala.gov.in** | TOGETHER WE REBUILD
Every Donation Counts

## Chief Minister's Distress Relief Fund Account

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം
വീണ്ടെടുക്കാൻ
തകർന്നതെല്ലാം
പടുത്തുയർത്താൻ
നമുക്കും
പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS